Deivarajyam July 2019
●R.N.7623/63
Registered No. KL/ALY/0020/2017-2019 ●R.N. 7623/1963
Date of publication: 1/7/2019
●Posted at Thodupuzha Stg.
Annual Subscription ₹ 100.00


St. Thomas



Apostles


Sts. Kuriakose & Julieta


St. Benedict



Our Lady of Mount Carmel


St. Jacob



St. Joachim & Anna


St. Alphonsa



St. Ignatius Loyola

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

ജൂലൈ 2019 വാല്യം 58 ലക്കം 7

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ


എന്റെ കർത്താവേ, എന്റെ ദൈവവേ! (യോഹ. 20:28)



മൂവാറ്റുപുഴ രൂപതയുടെ പുതിയ ഇടയൻ
അഭിവന്ദ്യ യുഹാനോൻ മാർ തെയോഡോഷ്യസ് പിതാവിന്
രൂപതാ കുടുംബത്തിന്റെ
അഭിനന്ദനങ്ങളും... പ്രാർത്ഥനാശംസകളും...



രൂപത പ്രാർത്ഥനാദിനം – പൈങ്ങോട്ടൂർ



ജീസസ് യൂത്ത് അംഗംങ്ങളുടെ പുനഃസമർപ്പണം







കെ.സി.വൈ.എം.
സമാധാന സന്ദേശയാത്രയ്ക്ക്
മൂവാറ്റുപുഴയിൽ
സ്വീകരണം നല്കിയപ്പോൾ

സെന്റ് വിൻസെന്റ് ഡി പോൾ
സൊസൈറ്റിയുടെ കോതമംഗലം
സെൻട്രൽ കൗൺസിലിന്റെ
61–ാമത് വാർഷികം



ദൈവരാജ്യം




# ഉള്ളടക്കം


5 ഇടയലേഖനം - സഭാദിനം
10 യുവജനദിനം 2019
15 രൂപതക്കച്ചേരി
19 മൈനർ സെമിനാരി
20 വിജ്ഞാനഭവൻ
23 വിദ്യാഭ്യാസം
24 സോഷ്യൽ സർവീസ്
26 തിരുബാലസഖ്യം
26 ചെറുപുഷ്പ മിഷൻലീഗ്
29 കെ.സി.എസ്.എൽ.
32 ഫാമിലി അപ്പോസ്റ്റലേറ്റ്
33 മാതൃവേദി
35 ഡി.സി.എം.എസ്.
35 ഡി.എഫ്.സി.
38 യുവദീപ്തി
39 ജീസസ് യൂത്ത്
39 എ.കെ.സി.സി.
40 അല്മായ ഫ്രാൻസിസ്കൻ സഭ
41 പ്രാർത്ഥനാഗ്രൂപ്പ്
42 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
42 കേരള ലേബർ മൂവ്മെന്റ്
45 നെസ്റ്റ് പ്രോഗ്രാം
45 വാർത്തയും വിശേഷങ്ങളും
46 തിരുനാൾ മംഗളങ്ങൾ
46 രൂപതാദ്ധ്യക്ഷന്റെ ഡയറി
49 Bishop's Engagements
50 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
50 നിര്യാതരായി



*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor*
**Rev. Fr. Jose Pulloppillil**

*Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 58
ജൂലൈ 2019
ലക്കം 7



The Eparchial Curia
Bishop's House, P.B. No. 6
Kothamangalam - 686 691
Mob: 8281946306
bishophouseklm@gmail.com





## പള്ളിയിൽ അറിയിക്കുവാൻ

### ജൂലൈ

| | Page |
|---|---|
| സഭാദിനം | 5 |
| യുവജനദിനം 2019 | 10 |
| വൈദികരുടെ വാർഷികധ്യാനം | 15 |
| രൂപതാ പ്രാർത്ഥനാദിനം | 19 |
| വിശ്വാസപരിശീലകരുടെ രൂപതാകൺവൻഷൻ | 20 |
| പ്രൈവറ്റ് രജിസ്ട്രേഷൻ, ലോഗോസ് ക്വിസ് | 21 |
| തിയോളജി കോഴ്സ് | 22 |
| DCMS സ്കോളർഷിപ്പ് | 35 |

## തിരുനാളുകൾ


3 മാർ തോമ്മാ ശ്ലീഹാ യുടെ ദുക്റാന തിരുനാൾ


8 12 ശ്ലീഹന്മാർ


11 വി. ബനഡിക്ട്


15 വി. കുര്യാക്കോസും വി. ജൂലിറ്റായും



16 കർമ്മല മാതാവ്


22 വി. മഗ്ദലേന മറിയം


25 വി. യാക്കോബ് ശ്ലീഹാ


26 വി. യോവാക്കിമും വി. അന്നായും


28 വി. അൽഫോൻസ


29 വി. മർത്താ


31 വി. ഇഗ്നേഷ്യസ് ലയോള

Prot. No. 0984/ 2019

# ഇടയലേഖനം

## സഭാദിനം - ജൂലൈ 3, 2019

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്
മാർ ജോർജ് ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ
ഉണ്ടായിരിക്കട്ടെ.

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിവസമായ ജൂലൈ 3 ആണല്ലോ പതിവനുസരിച്ച് സീറോമലബാർ സഭാദിനമായി ആചരിച്ചു വരുന്നത്. തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ വിശ്വാസം സ്വീകരിച്ച പൂർവ്വികന്മാർ നമുക്ക് കൈമാറിത്തന്ന വിശ്വാസത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിപ്പിക്കാൻ കടപ്പെട്ടവരാണ് നാമെല്ലാവരുമെന്ന് ദുക്റാന തിരുനാൾ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും സഭാദിനം ആഘോഷിക്കുമ്പോൾ, കാലഘട്ടത്തിന്റെ പ്രത്യേകതകളിൽ ഈശോമിശിഹായുടെ സുവിശേഷം ഫലപ്രദമായി പ്രഘോഷിക്കാനുള്ള കൃപയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ഗാഗുൽത്തായിൽ രക്തം ചിന്തിയവനിലുള്ള വിശ്വാസത്താൽ പ്രേരിതനായി മൈലാപ്പൂരിൽ തോമാശ്ലീഹ സ്വന്തം രക്തം ചിന്തി മരണം കൈവരിച്ചതുമുതലാണ് നമ്മുടെ സഭ വളർന്നു തുടങ്ങിയത്. തോമാ ശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ രൂപീകൃതമായ വിവിധ സഭകളുടെ ഇടയിൽ നമ്മുടെ സഭ പ്രേഷിതപ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നു. ഇക്കാരണത്താൽ, നമ്മുടെ പിതാവിനെ പ്പോലെ ധീരതയോടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനുള്ള ദൗത്യം നമുക്കുണ്ട്. "അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം" (യോഹ. 11:16) എന്ന അപ്പസ്തോലന്റെ വാക്കുകൾ





ഈശോയുമായുള്ള ആഴമായ സൗഹൃദത്തിൽ നിന്ന് ശക്തി പ്രാപിച്ചവയായിരുന്നു. ഈശോയെ കൂടുതൽ അറിയാനും കൂടുതൽ സ്നേഹിക്കാനും ആഗ്രഹിച്ച ശ്ലീഹായുടെ ആത്മാർത്ഥത നിറഞ്ഞു നില്ക്കുന്ന സമീപനം സുവിശേഷത്തിൽ കാണുന്നുണ്ട്. "കർത്താവേ, നീ എവിടേയ്ക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ, പിന്നെ വഴി ഞങ്ങൾ എങ്ങനെയറിയും?" (യോഹ. 14:5) എന്ന ചോദ്യവും ഈശോമിശിഹായെ ഏറ്റവും അടുത്തനുഗമിക്കാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹത്തെയാണ് പ്രകടമാക്കുന്നത്. താൻ സ്ഥലത്തില്ലാതിരുന്നപ്പോൾ മറ്റുള്ളവർക്കു നൽകപ്പെട്ട ഉത്ഥിതന്റെ ദർശനം തനിക്കും ലഭിക്കണമെന്ന തീവ്രമായ ആഗ്രഹവും "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" (യോഹ. 20:25) എന്ന ശാഠ്യവും തോമാശ്ലീഹായുടെ വിശ്വാസത്തിന്റെ വലിയ ഏറ്റുപറച്ചിലായിരുന്നു. ഇപ്രകാരം, ഈശോമിശിഹായോടുള്ള വ്യക്തിപരമായ സ്നേഹവും അടുപ്പവും ഹൃദയത്തിൽ സൂക്ഷിച്ച തോമാശ്ലീഹാ, തന്റെ ഗുരുവിൽ ഉത്ഥിതന്റെ അടയാളങ്ങൾ കണ്ടപ്പോൾ നടത്തിയ "എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന വിശ്വാസ പ്രഖ്യാപനം, അദ്ദേഹത്തിന്റെ സ്നേഹവും തീക്ഷ്ണതയും പ്രകടിപ്പിക്കുന്നതായിരുന്നു.

തന്റെ ഗുരുവിനോടുള്ള സ്നേഹവും അടുപ്പവും പരസ്യജീവിതകാലത്തെ സാധാരണ അനുഭവങ്ങളുടെ പരിമിതികൾ കടന്ന് ഉത്ഥാനാനുഭവത്തിലെത്തിയപ്പോഴാണ് തോമാശ്ലീഹായിലെ പ്രേഷിതൻ രൂപപ്പെടുന്നത്. പലസ്തീനായിൽ നിന്ന് കൊടുങ്ങല്ലൂർ വഴി, വിവിധ സ്ഥലങ്ങൾ കടന്ന് മൈലാപ്പൂരിൽ അവസാനിച്ച തോമാശ്ലീഹായുടെ പ്രേഷിത യാത്ര ആധുനിക സമൂഹത്തിന്റെ വിശാല വഴികളിലൂടെ തുടരാൻ വിളിക്കപ്പെട്ടവരാണ്, സഭാമക്കളായ നമ്മൾ എല്ലാവരും. നമ്മുടെ സഭയും തോമാശ്ലീഹായിൽ നിന്ന് വിശ്വാസം സ്വീകരിച്ച ഇതര സഭകളും ഈ ദൗത്യം തുടരുന്നുണ്ട്. തോമാശ്ലീഹായുടെ വിശ്വാസ തീക്ഷ്ണതയും അദ്ദേഹം ജീവിച്ച കാലഘട്ടത്തിന്റെ വെല്ലുവിളികളും അതിന്റെ ഫലമായ രക്തസാക്ഷിത്വവും നമ്മുടെ സുവിശേഷപ്രചരണ സംരംഭങ്ങളിൽ കാലാനുസൃതമായി പ്രതിഫലിക്കണം.

സഭാദിനാചരണത്തിന്റെ പശ്ചാത്തലത്തിൽ, സീറോമലബാർ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെയും അവ ലോകത്തിനു നല്കിയ

നിരവധി ഫലങ്ങളെയും ഓർത്ത് നന്ദി പറയാം. ലോകമെമ്പാടും ഇന്ന് സീറോമലബാർ സഭയുടെ മക്കൾ സജീവസാക്ഷ്യം നല്കി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നത് സന്തോഷകരമായ യാഥാർത്ഥ്യമാണ്. നമ്മുടെ സഭയിൽ നിന്നുള്ള മെത്രാന്മാരും വൈദികരും സമർപ്പിതരും മറ്റ് വ്യക്തിസഭകളിൽ ഫലപ്രദമായ അജപാലന-പ്രേഷിത ശുശ്രൂഷകൾ ചെയ്യുന്നതും അഭിമാനാർഹമായ കാര്യമാണ്. മാർതോമ്മാ ശ്ലീഹാ തെളിയിച്ചുതന്ന വിശ്വാസദീപം ലോകമാസകലം പ്രകാശിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ തീക്ഷ്ണതയോടെ നമുക്കു തുടരാം. ഭാരതം മുഴുവനിലും പ്രേഷിതപ്രവർത്തനം നടത്തുവാനുള്ള അവസരം ലഭിച്ച നമ്മുടെ സഭ പ്രേഷിത ചൈതന്യത്തിൽ കൂടുതൽ വളരേണ്ടതുണ്ട്. ഗൾഫ്, സിംഗപ്പൂർ, ആഫ്രിക്കയിലെ ചില രാജ്യങ്ങൾ എന്നിവിടങ്ങളിലെ നമ്മുടെ വിശ്വാസികൾക്കും കൂടി നമ്മുടെ സഭയുടെ തനതായ അജപാലന സൗകര്യങ്ങൾ അവയുടെ പൂർണ്ണതയിൽ ലഭിക്കുന്നതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം.

ഏതൊരു പ്രേഷിതപ്രവർത്തനവും ആത്മാർത്ഥതയോടെ ഏറ്റെടുക്കുകയും പ്രതിബദ്ധതയോടെ തുടരുകയും ചെയ്യണമെങ്കിൽ അയച്ചവനോടുള്ള ബന്ധവും വിശ്വസ്തതയും സജീവമായി നിലനിർത്തണം. ആധുനിക സമൂഹത്തിന്റെ പ്രായോഗിക സംസ്കാരത്തിൽ, ചില തത്വചിന്തകളും ദൈവശാസ്ത്ര സമീപനങ്ങളും ഈ വിശ്വസ്തതയ്ക്ക് എതിരായി നിൽക്കുന്നുണ്ട്. ഈശോയുടെ രക്ഷാകര ദൗത്യം തങ്ങളോടുതന്നെയും വിശ്വാസസമൂഹത്തോടും പൊതുസമൂഹത്തോടും ഫലപ്രദമായി പ്രഘോഷിക്കാൻ എല്ലാ സഭാംഗങ്ങൾക്കും സാധിക്കണം.

വർത്തമാനകാലത്തിൽ സഭയുടെ പ്രേഷിത സ്വഭാവത്തെയും ദൗത്യത്തെയും ലോകത്തിനു മുൻപിൽ അവതരിപ്പിക്കുന്നതിൽ ഫ്രാൻസീസ് മാർപാപ്പ എപ്പോഴും ശ്രദ്ധാലുവാണ്. യുവജനങ്ങൾക്കുവേണ്ടി റോമിൽ നടന്ന പ്രത്യേക സിനഡിനുശേഷം പുറത്തിറക്കിയ "ക്രിസ്തു ജീവിക്കുന്നു" (*Christus vivit*) എന്ന അപ്പസ്തോലിക പ്രബോധനം മാർപാപ്പയുടെ ലോകത്തോടുള്ള ശക്തമായ സുവിശേഷ പ്രഘോഷണമാണ്. ഈ അപ്പസ്തോലിക പ്രബോധ നത്തിൽ ഏതൊരു ക്രൈസ്തവനും വിശ്വസിക്കേണ്ടതും ജീവിക്കേണ്ടതും പ്രഘോഷിക്കേണ്ടതുമായ മൂന്ന് സത്യങ്ങളെ അവതരിപ്പിക്കുന്നുണ്ട്. ദൈവം നിന്നെ സ്നേഹിക്കുന്നു, ക്രിസ്തുവാണ് രക്ഷകൻ, ക്രിസ്തു





ജീവിക്കുന്നു എന്നിവയാണ് മാർപാപ്പ ലോകത്തോട് പ്രഘോഷിക്കുന്ന സുവിശേഷ സത്യങ്ങൾ. ഉപഭോഗ മരണസംസ്കാരങ്ങൾ ആധുനിക മനുഷ്യന്റെ നിഷേധാത്മകതയെ വളർത്തി സുവിശേഷമൂല്യങ്ങളിൽ നിന്നും സഭയിൽ നിന്നും അകറ്റുമ്പോൾ രക്ഷകനായ ക്രിസ്തു ഇന്നും ജീവിക്കുന്നവനാണെന്നു പ്രഘോഷിക്കുന്നതാണല്ലോ വിമോചനത്തിന്റെ സുവിശേഷം. എല്ലാ പ്രേഷിതപ്രവർത്തനങ്ങളും അടിസ്ഥാനമിടേണ്ടതും അർത്ഥം കണ്ടെത്തേണ്ടതും ഈ സത്യത്തിൽ നിന്നാണ്. ഈ കാലഘട്ടത്തിലും നമ്മൾ പ്രഘോഷിക്കേണ്ടതും ജീവിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമായ സത്യവും ഇതു മാത്രമാണ്.

ദൈവം നല്കിയ അനുഗ്രഹങ്ങൾക്കിടയിലും ഇനിയും ആത്മപരിശോധനയ്ക്ക് വിഷയമാക്കേണ്ട കാര്യങ്ങൾ നമ്മുടെ മുൻപിലുണ്ട്. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഇടപെടലുകളിലും സുവിശേഷത്തിന്റെ കലർപ്പില്ലാത്ത സന്ദേശം പകർന്നുകൊടുക്കുവാൻ നമുക്കു കഴിയണം. ആദിമസഭയിലുണ്ടായിരുന്ന പങ്കുവയ്ക്കൽ മനോഭാവം വിവിധ സഭാസംവിധാനങ്ങളിലും സ്ഥാപനങ്ങളുടെ നടത്തിപ്പിലും വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലും നയരൂപീകരണ ത്തിലും കൂടുതൽ പ്രകടമാകേണ്ടതുണ്ട്. ചരിത്രത്തിലൂടെ ദീർഘയാത്ര തുടരുന്ന ഇന്നത്തെ സഭ, ആദിമസഭയുടെ ജാഗ്രതയും തീക്ഷ്ണതയും കൈമോശം വരാതെ കാത്തുസൂക്ഷിക്കണം. മണവാളൻ എപ്പോൾ വരുമെന്ന് നിശ്ചയമില്ലാത്തതിനാൽ, വിളക്കണയാതിരിക്കാൻ എണ്ണ കരുതി സ്വീകരിക്കാൻ കാത്തിരിക്കുന്ന കന്യകമാരുടെ ജാഗ്രത സഭയുടെ എല്ലാ മേഖലകളിലും ഉറപ്പുവരുത്തുവാൻ കൂട്ടായ്മയോടെ പ്രവർത്തിക്കേണ്ടതുണ്ട്. ദൈവം ഈ ലോകം മുഴുവനെയും സ്നേഹിക്കുന്നുവെന്നും ദൈവപുത്രനായ ഈശോമിശിഹായാണ് നമ്മുടെ രക്ഷകനെന്നും ഈ രക്ഷകൻ ഇന്നും ജീവിക്കുന്നുവെന്നും ഫലപ്രദമായി പ്രഘോഷിക്കുവാൻ നമുക്ക് സാധിക്കണം.

ഈ പ്രഘോഷണത്തിലും സാക്ഷ്യത്തിലും നമുക്കു വന്നുപോയ പോരായ്മകളെ എളിമയോടെ അംഗീകരിക്കാം. തെറ്റിദ്ധാരണകളെയും വിമർശനങ്ങളെയും എതിർപ്പുകളെയും ഈശോയുടെ ശൈലിയിൽ സ്വീകരിക്കാൻ സാധിക്കണം. നാമെല്ലാവരും വിശുദ്ധിയിലേയ്ക്ക് വളരാൻ വിളിക്കപ്പെട്ടവരാണെന്ന സത്യം 'ആനന്ദിച്ച് ആഹ്ളാദിക്കുവിൻ' എന്ന തന്റെ ചാക്രിക ലേഖനത്തിൽ ഫ്രാൻസീസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നുണ്ട്. "വിശുദ്ധിയെന്നത് നമ്മുടെ ദുർബ

ലതയും ദൈവിക കൃപയുടെ ശക്തിയും തമ്മിലുള്ള കണ്ടുമുട്ടലാണ്. നമ്മുടെ പരിമിതികളിൽ നിന്നും കൂടുതൽ ഉയരത്തിലേയ്ക്കു നോക്കാൻ വേണ്ടി, ദൈവത്താൽ സ്നേഹിക്കപ്പെടാനും, വിമോചിതരാകാനും വിട്ടുകൊടുക്കുന്നതിൽ നമുക്ക് ഭയപ്പെടാതിരിക്കാം" (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, നമ്പർ 34). എല്ലാ ക്ലേശങ്ങൾക്കുമിടയിൽ ആനന്ദം നല്കുന്ന രക്ഷയുടെ പ്രത്യാശ നമുക്ക് മുറുകെ പിടിക്കാം.

നമ്മുടെ സഭാദിനാചരണവേളയിൽ നിങ്ങൾക്കെഴുതുമ്പോൾ സുപ്രധാനമായ ചില വാർത്തകൾ കൂടി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. തിരുക്കുടുംബ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയും നമ്മുടെ സഭാംഗവുമായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ അടുത്ത ഒക്ടോബർ മാസത്തിൽ വിശുദ്ധ പദവിയിലേയ്ക്കുയർത്തപ്പെടുമെന്ന് നമുക്ക് അറിവു ലഭിച്ചിട്ടുണ്ട്. അതുപോലെ കാനഡയിലെ മിസിസാഗ എക്സാർക്കേറ്റ്, രൂപതയായി പരിശുദ്ധ പിതാവ് ഉയർത്തിയ വിവരം നിങ്ങൾ അറിഞ്ഞു കാണുമല്ലോ. രൂപതയുടെ ഉദ്ഘാടന ചടങ്ങിലും പ്രഥമ മെത്രാന്റെ സ്ഥാനാരോഹണ കർമ്മത്തിലും ഞാൻ പങ്കെടുത്തിരുന്നു. മൂന്നാമത്തേത്, വരുന്ന ഒക്ടോബർ മാസത്തിൽ, നമ്മുടെ സഭയിലെ പിതാക്കന്മാരെല്ലാം ആദ് ലിമിന (*Ad limina*) സന്ദർശനത്തിനായി റോമിലേയ്ക്ക് പോകുന്നു എന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനയിൽ നമ്മുടെ സഭയുടെ എല്ലാ നിയോഗങ്ങളെയും എളിയവനായ എന്നെയും ഓർക്കുന്നതിന് നന്ദി പറയുന്നു. ആഗസ്റ്റ് മാസം നടക്കാനിരിക്കുന്ന നമ്മുടെ സഭയുടെ സിനഡിനു വേണ്ടിയും നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. നമ്മുടെ പിതാവായ തോമാശ്ലീഹായെപ്പോലെ ഉത്ഥിതനായ ഈശോയെ നാഥനും രക്ഷകനുമായി ഏറ്റു പറഞ്ഞ്, ഈശോ ഇന്നും ജീവിക്കുന്നു എന്ന ഉറച്ച ബോദ്ധ്യത്തിൽ നമ്മുടെ എല്ലാ ജീവിത സാഹചര്യങ്ങളിലും പ്രേഷിത ചൈതന്യത്തിൽ മുന്നേറാൻ നിരന്തരം പരിശ്രമിക്കാം. ദുക്റാന തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

**+ കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

NB: ഈ ഇടയലേഖനം 2019 ജൂലൈ 3-ാം തീയതി കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.





Ref: 3206/K-5/KCBC/OL/DS

## യുവജനദിനം 2019
### ജൂലൈ 7, ഞായർ
### കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കെസിബിസി യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ 2019 ജൂലൈ 7-ാം തീയതി നാം യുവജനദിനമായി ആചരിക്കുകയാണ്. ഈ യുവജനദിനത്തിന്റെ എല്ലാവിധ അനുഗ്രഹങ്ങളും ആശംസകളും കേരളത്തിലെ എല്ലാ കെ.സി.വൈ.എം. പ്രവർത്തകർക്കും ഇതരയുവജന സംഘടനകൾക്കും കേരളത്തിലെ കത്തോലിക്കാ മെത്രാൻസംഘത്തിന്റെ പേരിൽ ഹൃദയപൂർവം നേരുന്നു. 2018 ഒക്ടോബർ 3 മുതൽ 28 വരെ വത്തിക്കാനിൽ നടന്ന അന്തർദേശീയ യുവജന സിനഡിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ യുവജനദിനാചരണം. സിനഡിന്റെ വെളിച്ചത്തിലുള്ള പ്രബോധനരേഖ 'ക്രിസ്തു ജീവിക്കുന്നു' എന്ന പേരിൽ 2019 ഏപ്രിൽ 2-ന് ഫ്രാൻസിസ് പാപ്പാ പ്രസിദ്ധീകരിച്ചു. "ക്രിസ്തു ജീവിക്കുന്നു... നിങ്ങൾ ജീവനുള്ളവരായിരിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു" എന്ന് യുവജനങ്ങളെ ഓർമ്മിപ്പിക്കുന്ന ഫ്രാൻസീസ് പാപ്പാ, യുവജനം ലോകത്തിന്റെയും സഭയുടെയും ഭാവിയല്ല, ഇന്നാണ് എന്നു എടുത്തുപറയുന്നു.

യുവജനം സഭയുടെ ഇന്നിന്റെ മുഖമാകണം. അവർ സഭയിൽ മുൻനിരയിൽ പ്രതിഷ്ഠിക്കപ്പെടണം. എന്നാൽ യുവജനങ്ങൾ അവഗണിക്കപ്പെടുന്ന സംസ്കാരം ഇന്ന് വളർന്നുകൊണ്ടിരിക്കുന്നു. ഇന്നത്തെ ഡിജിറ്റൽ സാഹചര്യങ്ങളും കുടിയേറ്റത്തിന്റെ കയ്പുനിറഞ്ഞ അനുഭവങ്ങളും ലൈംഗികവും ധാർമികവുമായ ദുരുപയോഗങ്ങളും യുവജനത്തെ തളർത്തുന്നുണ്ട്. ഫ്രാൻസിസ് പാപ്പാ യുവജനങ്ങളെ ആഹ്വാനംചെയ്തുകൊണ്ട് പറയുന്നു, യുവജനങ്ങളേ, ഇന്നും ജീവിക്കുന്ന ക്രിസ്തു നിങ്ങളിലുണ്ട്. നിങ്ങളോടുകൂടെയുണ്ട്. ഒരിക്കലും നിങ്ങളെ ഉപേക്ഷിക്കുകയില്ല. നിങ്ങൾ ജീവിതത്തിന്റെ ഏതവസ്ഥയിലായാലും തിരിച്ചുവരാനും പുതുതായി തുടങ്ങാനും ഭയപ്പെടേണ്ടതില്ല. ഉത്ഥിത

നായ ക്രിസ്തുവാണ് നിങ്ങളുടെ പ്രത്യാശയും ശക്തിയും. യുവജനത്തെ അവജ്ഞയോടെ കാണുന്നതും അവരുടെമേൽ ആധിപത്യം പുലർത്തുന്നതും അവരുടെ സ്വപ്നങ്ങളെ കാണാതിരിക്കുന്നതും കഴിവുകളെ പ്രയോജനപ്പെടുത്താതിരിക്കുന്നതും പ്രത്യാശയെ അപഹരിക്കുന്നതുമായ ശൈലികൾ തിരുത്തപ്പെടണമെന്ന് ഫ്രാൻസിസ് പാപ്പാ മുന്നറിയിപ്പു നല്കുന്നു.

സഭയ്ക്കും ലോകത്തിനും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും സാക്ഷ്യം കൊടുക്കുന്ന വ്യക്തികളായി വളരാൻ യുവജനങ്ങളെ സഹായിക്കുക എന്നതാണ് യുവജനകമ്മീഷന്റെ മുഖ്യമായ ദൗത്യം. ഈ ദൗത്യം കേരളസഭയിൽ നാം പ്രാവർത്തികമാക്കുന്നത് കെ.സി.വൈ.എം.-ന്റെയും, അതിനോട് ചേർന്ന് പ്രവർത്തിക്കുന്ന കേരളത്തിലെ മറ്റു കത്തോലിക്കാ യുവജന സംഘടനകളുടെയും കർമ്മപരിപാടികളിലൂടെയാണ്. യുവജനങ്ങളുടെ രൂപീകരണത്തിനായി അനേകം കർമ്മപരിപാടികൾ യുവജന കമ്മീഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. അവ പ്രധാനമായും മൂന്ന് ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്.

ഒന്നാമതായി, യുവജനങ്ങളെ യേശുവിന്റെ യഥാർത്ഥ ശിഷ്യന്മാരായിത്തീരാൻ സഹായിക്കുകയെന്നതാണ്. യുവത്വത്തിന്റെ നിറവിൽ രക്ഷയുടെ സന്ദേശം പങ്കുവച്ചുതന്ന യേശുവിന്റെ മാതൃകയിൽ കരുത്താർജ്ജിക്കുന്നതിനുവേണ്ടിയുള്ള ആത്മീയ രൂപീകരണമാണത്. "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന" (ലൂക്കാ 2,52) യേശുവിനോട് അനുരൂപരായി യുവതീയുവാക്കൾ ജീവിക്കണം.

രണ്ടാമത്തെ ലക്ഷ്യം, യുവജനങ്ങളെ നല്ല മിഷനറിമാരായി വളരാൻ സഹായിക്കുകയെന്നതാണ്. കർത്താവ് നമ്മെ ഏല്പിച്ച വലിയ ഉത്തരവാദിത്വമാണ് ദൈവരാജ്യത്തിന്റെ സന്ദേശം അഥവാ, രക്ഷയുടെ മാർഗം എല്ലാവരെയും അറിയിക്കുക എന്നത്. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16,15) എന്നാണ് അവിടന്ന് അവസാനമായി നമ്മോട് കല്പിച്ചത്. യേശുവിന്റെ രക്ഷയുടെ സന്ദേശം, സ്നേഹമായും കരുണയായും കരുതലായും സമാധാനമായും സമൂഹത്തിൽ പ്രഘോഷിക്കുവാൻ ക്രൈസ്തവയുവജനങ്ങൾ മുന്നിട്ടിറങ്ങുന്നതിന്റെ നേർക്കാഴ്ചകൾ കേരളത്തിൽ അങ്ങോളമിങ്ങോളം കാണാം. സുവിശേഷത്തിന്റെ സന്തോഷവും സമാധാനവും എല്ലാവരിലും പ്രത്യക്ഷമായും പരോക്ഷമായും എത്തിക്കുവാൻ ഉത്സാഹത്തോടെ, ഉണർന്നു പ്രവർത്തിക്കുന്ന യുവജനം സഭയുടെ അമൂല്യസമ്പത്താണ്. കഴിഞ്ഞ നാലുപതിറ്റാണ്ടുകാലം കെ.സി.വൈ.എം "സഭയുടെ നല്ല സാക്ഷ്യമുഖമായി" പ്രവർത്തിച്ച് സഭയ്ക്ക് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇന്ന് കേരള കത്തോലിക്കാസഭയിലെ മഹത്തായ യുവജന പ്രസ്ഥാനമായി അതു നിലകൊള്ളുന്നു.





യുവജനങ്ങളുടെ സമഗ്രവികസനം ലക്ഷ്യം വച്ചുകൊണ്ട് അവരെ സമൂഹനിർമ്മിതിയിൽ പങ്കാളികളാക്കുകയും യേശുവിന്റെ മാതൃകയിലും ശൈലിയിലും തിന്മയ്ക്കെതിരേ പോരാടുവാൻ ശക്തരാക്കുകയും ചെയ്യുക എന്നതാണ് യുവജനകമ്മീഷന്റെ മൂന്നാമത്തെ ലക്ഷ്യം. കുടുംബത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും യുവജനങ്ങളോടുള്ള ഉത്തരവാദിത്വം മറ്റേതു കാലഘട്ടത്തെക്കാളും ഇന്ന് വർദ്ധിച്ചിരിക്കുന്നു. ശാസ്ത്ര-സാങ്കേതിക വളർച്ചയും ഇലക്ട്രോണിക് മീഡിയായും സമൂഹത്തിന്റെ ചിന്താഗതിയിലും പ്രവർത്തനത്തിലും വലിയ മാറ്റം വരുത്തിയിരിക്കുന്നു. യേശു പ്രഖ്യാപിച്ച ജീവന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും സംസ്കാരം കടുത്ത വെല്ലുവിളി നേരിടുകയാണ്. ഇതിനെ പ്രതിരോധിക്കുവാൻ യുവജനവിഭവശേഷി ശരിയായി നാം പ്രയോജനപ്പെടുത്തണം.

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഭീകരപ്രവർത്തനം, അക്രമം, അസഹിഷ്ണുത, വിഭാഗീയത, ഏകാന്തത എന്നിവയെല്ലാം മരണസംസ്കാരത്തിന് വേദി ഒരുക്കുന്നു. മദ്യം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം എന്നിവയൊക്കെ ഈ സംസ്കാരത്തിന് ശക്തി പകരുന്നു. ഇവയോട് നാം സന്ധിയില്ലാസമരം ചെയ്യണം. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബലവിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, ഓഖി ദുരന്തം, വെള്ള

പ്പൊക്കദുരിതം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് യുവജനങ്ങൾ സമൂഹനിർമ്മിതിയിൽ പങ്കുചേരുന്നു.

നാം ജീവിക്കുന്ന ഈ സമൂഹത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന അക്രമത്തിനും ഭീകരപ്രവർത്തനത്തിനുമെതിരേ, യുവജനങ്ങൾ ഏറ്റെടുത്ത 'യുവജനങ്ങൾ സമാധാനത്തിന്' (Youth for Peace Campaign) എന്ന യജ്ഞം അഞ്ച് ഘട്ടങ്ങളിലായാണ് നടത്തപ്പെടുന്നത്.

1. സമാധാനസന്ദേശ യാത്ര (കാസർഗോഡ് മുതൽ കന്യാകുമാരി വരെ സമാധാനസന്ദേശയാത്ര - K2K)
2. സമാധാനദീപം തെളിക്കൽ (Lighting Peace Lamp)
3. സമാധാനപദയാത്ര (Peace Walk, July 7, 2019)
4. അന്തർദേശീയ സമാധാനസമ്മേളനം (International Peace Conference)
5. രൂപതാതല സമാധാനസമ്മേളനങ്ങൾ (Peace Conference in 32 Dioceses)

ഇതിൽ ഏതാനും പരിപാടികൾ നടത്തപ്പെട്ടു കഴിഞ്ഞു. കാസർഗോഡ് മുതൽ കന്യാകുമാരി വരെ കേരളത്തിലെ 32 രൂപതകളിലും തമിഴ്നാട്ടിലെ നാല് രൂപതകളിലുമായി കെ.സി.വൈ.എമിന്റെ നേതൃത്വത്തിലുള്ള സമാധാന സന്ദേശ യാത്ര (K2K) കടന്നുപോയപ്പോൾ, സമൂഹത്തിൽ ശാന്തിയുടെയും സൗഹൃദത്തിന്റെയും വലിയ സന്ദേശമാണ് പരന്നത്. ഈ സന്ദേശയാത്രയ്ക്ക് അഭിവന്ദ്യപിതാക്കന്മാരും വൈദികരും സന്ന്യസ്തരും വിശ്വാസികളും പൊതുസമൂഹവും നല്കിയ ആവേശോജ്ജ്വലമായ സ്വീകരണങ്ങൾ യുവജനങ്ങൾക്ക് വലിയ പ്രത്യാശയും ആവേശവും പകർന്നു. അഭിവന്ദ്യപിതാക്കന്മാരോടും ഈ സന്ദേശയാത്രയെ വരവേറ്റ് അനുഗമിച്ച എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു. യാത്രയിൽ പങ്കെടുത്ത എല്ലാ കെ.സി. വൈ.എം. പ്രവർത്തകരെയും അനുമോദിക്കുന്നു.





ഈ വർഷം യുവജനങ്ങൾ ഏറ്റെടുക്കുന്ന മറ്റ് പരിപാടികൾ ഇവയാണ്: 1) ഉന്നതവിദ്യാഭ്യാസവും തൊഴിലിനുവേണ്ടിയുള്ള പരിശീലനവും (Higher Education and Placement Cell); 2) ഹരിതകേരളം പദ്ധതിയോട് ചേർത്ത് നടപ്പാക്കുന്ന പരിപാടികൾ (Green Protocol in 10 Cathedral Campuses); 3) മീഡിയയുടെയും സാങ്കേതിക വിദ്യയുടെയും സുവിശേഷവത്കരണം (Evangelizing Media, Technology and Cell Phone Campaign); 4) ബൈബിൾ, പാരമ്പര്യം, സഭാ പ്രബോധനങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവത്കരണ പരിപാടികളും പഠനക്ലാസ്സുകളും.

നാം ജീവിക്കുന്ന ഈ സമൂഹത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന അക്രമത്തിനും തിന്മയ്ക്കും എതിരേ ഫലപ്രദമായി പ്രവർത്തിക്കുവാൻ യുവജനങ്ങളോട് ചേർന്ന് നില്ക്കുവാനും അവരെ പ്രോത്സാഹിപ്പിക്കാനും സഹായസഹകരണങ്ങൾ നൽകുവാനുമുള്ള ആഹ്വാനമാണ് യുവജനദിനം നമുക്ക് നല്കുന്നത്. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെ.സി.വൈ.എം. -ഉം മറ്റു യുവജനസംഘടനകളും കേരളസഭയ്ക്കു നല്കുന്ന എല്ലാ ശുശ്രൂഷകളെയും ഓർത്ത് യുവജനങ്ങൾക്ക് നന്ദി പറയുന്നു. എല്ലാ യുവജനങ്ങൾക്കും ഈ ദിനത്തിന്റെ ആശംസകൾ! ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

**ഡോ. ജോസഫ് മാർ തോമസ്**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**N.B.** 2019 ജൂലൈ 7-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

## രൂപതക്കച്ചേരി

*C. 57/2019* **സഭാദിന പിരിവ്**

സീറോ മലബാർ സഭയുടെ കേന്ദ്രകാര്യാലയത്തിന്റെ ആവശ്യങ്ങൾക്കായി സഭാംഗങ്ങൾ വർഷംതോറും നൽകിവരുന്ന സഭാദിന പിരിവ് ആളോഹരി 2 രൂപ പ്രകാരം രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

*Bishop*

C. *58/2019* **Annual Retreat for Priests**

The list of the participants in each batch is given below. Those who seek exemption from the common retreat owing to some grave reason are to get it in writing from the Eparchial Curia.

The Rev. Fathers are to fulfil the following Mass intentions and report to the Curia before the 31st of December 2019.

1. For the Priests of the Eparchy-1
2. *Ad intentionem episcopi* (stipend to be used for charitable purposes) - 4
3. *Ad intentionem episcopi* (stipend to be used to meet the expenses of the retreat) -5

N.B. The Mass intentions Nos. 1 and 2 are to be fulfilled by all while those in No. 3 are to be fulfilled only by those who take part in the common retreat.

The presbyters who participate in the retreat are to bring with them their Mass Account, and Confession Patent.

All the faithful in the Eparchy have the duty to pray for the presbyters who participate in the retreat. The parish priests may remind the faithful that the Eparchial Curia is closed during the common retreat.

**FIRST BATCH**

**Venue: NESTT, Muvattupuzha**

**Time: From Sunday, 7 July to Friday, 12 July 2019**

**Retreat Preacher : Rev. Fr. Daniel Poovannathil**

1 Adapoor Joseph
2 Akkapadickal Paul
3 Alappatt Francis
4 Areekatt Mathew
5 Ariappillil Emmanuel
6 Athickal Joseph
7 Athickal Mathew
8 Chamakalayil Mathew
9 Chandrankunnel Mathew
10 Cheripuram Abraham





11 Cherkott Thomas
12 Chettoor George
13 Choorathotty Paul
14 Edathotty Paul
15 Ezhanikatt James
16 Ezhumayil Joseph
17 Kadukamackal Joseph
18 Kadukummackal George
19 Kakkuzhy James
20 Kalapurackal Jacob
21 Kalapurackal Jose
22 Kallarackal John
23 Kallarackal Joseph
24 Kallidukkil Zacharias
25 Kandathinkara Joseph
26 Kapiarumala George
27 Karakombil Paul
28 Karakunnel George
29 Karikunnel Francis
30 Keerampara Mgr. Francis
31 Keethappilly Joseph
32 Kizhakedath Mathew
33 Kochuparambil George
34 Kochupurackal Mathew (Jr.)
35 Kochupurackal Mathew (Sr.)
36 Kochupurackal Jerish SDB
37 Kodakallil Kuriakose
38 Kodiammanal John
39 Koickakudy Joseph
40 Konthempillil Sebastian
41 Koonanickal Jose
42 Koonanickal Joseph
43 Koottumkal Joseph
44 Kottarathil Thomas
45 Kulathoor Jose
46 Kunnappillil Augustine
47 Kunnath Mathew
48 Kurukoor Mgr. George
49 Kuzhikanniyil Joseph
50 Kuzhinjalil Thomas
51 Madathiparambil Francis
52 Mailadiath Jose
53 Malekudy Thomas
54 Malieckal Mathews
55 Maliyeckal Antony
56 Mannathukkaran Jacob
57 Mattappillil John
58 Monippilly Jose
59 Mulanjanany Joseph
60 Mundackal Joseph (Sr)
61 Mundackal Mathew (Sr)
62 Mundunadayil Joseph
63 Muringamattam John
64 Muttathuvalayil Joseph
65 Namattathil Sebastian
66 Nandalath Mathews
67 Nedumpurath Paul
68 Nedumthadathil Paulose
69 Nedungatt Vincent
70 Nirappath George
71 Niravath Joseph
72 Niravathinal Abraham
73 Njaralakatt Luke
74 Oliapuram Mgr. George
75 Onelil John
76 Padinjarekutt Augustine
77 Panachickal James
78 Panackal Thomas
79 Parackal Abraham
80 Paramel Varghese
81 Parathazham Paul
82 Parayannilam Joseph
83 Peechanikunnel George
84 Peechatt Emmanuel

85 Peringarappillil Sotter
86 Perumpananickal Abraham
87 Pichappillil John
88 Pinakatt Joseph
89 Pittappillil Francis
90 Poonat Manuel
91 Pothanamuzhy Mathew
92 Pothanamuzhy Sebastian
93 Pothanamuzhi Thomas
94 Pothoor Jose
95 Pottackal George
96 Pulickal Joseph (Sr.)
97 Pulimalayil Antony
98 Pulloppillil Jose
99 Pulparambil Jose
100 Pulprayil Stanley
101 Puthenkulam Antony
102 Puthiyedath Jacob
103 Thachil George
104 Thalappillil Jacob
105 Thanickal Joseph
106 Thanikunnel Alex
107 Tharappil Mathew
108 Thayyil James
109 Thekkeattath George
110 Thekkekara George
111 Thekkekara Mathew
112 Thevarpadam Mathews
113 Thottathimyalil John
114 Thuruthippillil Sebastian
115 Vadakekudy James
116 Vadakumparampil Jacob
117 Vallomkunnel George
118 Valloppillil Sebastian
119 Vandanakara George
120 Vararappilly James
121 Vattakuzhy Emmanuel
122 Vellankal Mgr. Mathew
123 Vellaramkattil Xavier
124 Velliamthadam Joseph
125 Vengooran Jose
126 Vettikuzha Thomas

## SECOND BATCH
**Venue: NESTT, Muvattupuzha**
**Time: From Sunday, 21 July to Friday, 26 July 2019**
**Retreat Preacher : Mar Jose Pulickal**

1 Aikaramattam James
2 Anikottil John
3 Arackal James
4 Arackal Jose
5 Arackal Joseph
6 Arolichalil Sebastian
7 Athickal Francis
8 Athickal Pius
9 Avarapattu Paul
10 Chatholil John
11 Chemparathy George
12 Cheruparambil Thomas
13 Chirapparambil Jose
14 Choorathotty James
15 Edattu Mathews
16 Elanjedath John
17 Inchaplackal Paul
18 Kachiramattam Kuriakose
19 Kachiraparekudiyil Martin
20 Kadambanatt Sebastian
21 Kadavan John
22 Kakanatt Mathew





23 Kalamparambil Antony
24 Kalapurayil James
25 Kalariparambil Thomas
26 Kalathoor Paul
27 Kallarackal Thomas
28 Kandathil Joseph
29 Kanimattathil Sebastian
30 Kanjirakompil Jose
31 Kanjirakompil Mgr. Cherian
32 Kannadan Francis
33 Kannamkulam Thomas
34 Kannampalliyil Kuriakose
35 Kapiarumala Thomas
36 Kapiarumala Joseph
37 Karakombil James
38 Kariamadam George
39 Kizhakel Jose
40 Kochumundanmalayil Mathew
41 Kochumuttam John
42 Kochuparambil Joseph (Jr.)
43 Kochuparambil Joseph (Sr.)
44 Kodamullil Cyriac
45 Kodamullil Paul
46 Koickakudy Joseph Cherian
47 Koithanath Joseph
48 Konickal Mathew
49 Kottackal Antony
50 Kottoor Jose
51 Kunnamkulathil Emmanuel
52 Kunnel Stanislaus
53 Kunnumpuram Joseph
54 Kurianal James
55 Kurisummoottil George
56 Mailackachalil Paul
57 Makolil Joseph
58 Malekandathil Pius
59 Maleparambil George
60 Mandapathil Varkey
61 Marappillil George
62 Moolasseril Nicholas
63 Moorkattil Jose
64 Mulanjanany George
65 Mundackal Emmanuel
66 Mundackal George
67 Mundackal John
68 Mundackal Joseph (Jr.)
69 Mundackal Mathew (Jr)
70 Mundackal Mathew M.
71 Mundackal Thomas
72 Mundolickal James
73 Nampiaparambil Francis
74 Nandalath Francis
75 Nedumkallel George
76 Nedumpuram Joseph
77 Neerampuzha Jose
78 Nellikunnel Joseph
79 Njaliparambil Antony
80 Njaloor Cyriac
81 Njaloor Joseph
82 Oliapuram George (Sr.)
83 Oroplackal Johnson
84 Ovelil Antony
85 Padinjattuvayalil John
86 Pallikunnel Georgy
87 Pannarakunnel Sebastian
88 Parankimyalil George
89 Parayidom Thomas
90 Pazhayapeedikayil Johnson
91 Periapuram Thomas
92 Pichalakatt Manuel
93 Pittappillil Mathew
94 Ponneth Joseph
95 Poonat Mathew
96 Poovathumkal Thomas

97 Pulickal Joseph (Jr.)
98 Pullan George
99 Punnamattathil Scaria
100 Puthenkulam Mathew
101 Rathappillil Jacob
102 Thadikkatt George
103 Thanathuparambil George
104 Thekkumkattil Mathew
105 Thottathimyalil Mathew
106 Thozhalay Mathew
107 Thumbamattathil Sebastian
108 Vattakatt Augustine
109 Vadakkel George
110 Vadakkel James
111 Vadakken John
112 Vadakkumpadam Mathew
113 Valiathazhath Sebastian
114 Varicattu Cherian
115 Vattakuzhy Jose
116 Vattappallil Jacob
117 Vattathottathil Thomas
118 Vilanguparayil Paul
119 Vilanguparayil Thomas
120 Vilayappillil Antony

*Protosyncellus*

*C. 59/2019* **രൂപതാ പ്രാർത്ഥനാദിനം**

ജൂലൈ മാസത്തിലെ രൂപതാ പ്രാർത്ഥനാദിനം വാഴക്കുളം സെന്റ് ജോർജ് ഫൊറോന പള്ളിയിൽ വച്ച് ജൂലൈ 19-ാം തീയതി വെള്ളിയാഴ്ച നടത്തുന്നു. രാവിലെ 6.30-ന് വി. കുർബാനയോടുകൂടി ആരാധന ആരംഭിക്കുന്നതും വൈകിട്ട് 3.30 pm മുതൽ 4.30 pm വരെ പൊതു ആരാധനയോടെ അവസാനിക്കുന്നതുമാണ്. 4.30 pm-ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി അർപ്പണത്തോടെ പ്രാർത്ഥനാദിനം സമാപിക്കും.

*Protosyncellus*

*C. 60 /2019* **അഭിനന്ദനങ്ങൾ, ആശംസകൾ**

M.A. Mass Communication and Journalism - ത്തിൽ കണ്ണൂർ സർവ്വകലാശാലയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ ബഹു. ജയിംസ് മുണ്ടോളിക്കൽ അച്ചന് അഭിനന്ദനങ്ങൾ.

*Protosyncellus*

## മൈനർ സെമിനാരി

*MS 18 /2019* **മൈനർ സെമിനാരിയിലെ നവാഗതർ**

1. ആലപ്പാട്ട് ജോസഫ് (ജെഫിൻ), നെടിയകാട്
2. അറയിൽ അബ്രാഹം (എബിൻ), കദളിക്കാട്
3. ചെറുവുകാലായിൽ മാത്യു (ആൽബർട്ട്), നാകപ്പുഴ
4. കൈതയ്ക്കൽ വർക്കി, നെടിയകാട്
5. കാരുവേലിൽ തോമസ്, മുതലക്കോടം





6. കോളാശ്ശേരിൽ ജോസ് (റിച്ചാർഡ്), കുളപ്പുറം
7. കുന്നുപുറത്ത് എമ്മാനുവേൽ (അലക്സ്), ഞാറക്കാട്
8. മണ്ണൂർ വർഗീസ് (ആൽബർട്ട്), മൂവാറ്റുപുഴ
9. മാപ്പിളകുന്നേൽ വർഗീസ് (അഭിഷേക്), കരിമണ്ണൂർ
10. മാപ്പിളമാട്ടേൽ ജോസഫ് (ജോയൽ), ആനിക്കാട്
11. മുടവനാട്ട് മാർട്ടിൻ (അലൻ), കുണിഞ്ഞി
12. മുഞ്ഞനാട്ട് തോമസ് (ലിനോ), തൊമ്മൻകുത്ത്
13. ഞാറക്കുളം ജോർജ് (അരുൺ), മുതലക്കോടം
14. പുൽത്തകിടിയിൽ ജോസഫ് (ജിനോ), കോതമംഗലം
15. പുലയംപറമ്പിൽ ജോർജ് (ക്രിസ്റ്റ്യൻസൺ), കോതമംഗലം
16. പുന്നയ്ക്കപടവിൽ ജോർജ് (ഗ്ലെൻ), മുള്ളരിങ്ങാട്
17. വടക്കേൽ ജോർജ് (നിവിൽ), ആര്യങ്കാവ്
18. വടക്കുംപറമ്പിൽ ജോസഫ് (ജോസ്), ആരക്കുഴ

*MS 19 /2019* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Shaju Joseph Cherkottu, Anicadu | ₹ | 25,000 |
| 2 | One benefactor | ₹ | 18,000 |
| 3 | CML, Kothamangalam | ₹ | 10,000 |
| 4 | Martin A S, Anicadu | ₹ | 5,000 |
| 5 | One benefactor | ₹ | 1,00,000 |
| 6 | One Benefactor, Marika | ₹ | 10,000 |
| 7 | Sebastian Ouseparambil, Thodupuzha | ₹ | 26,000 |

*Rector*

## വിജ്ഞാനഭവൻ

*V. 65/2019* **വിശ്വാസപരിശീലകരുടെ രൂപതാകൺവെൻഷൻ ജൂലൈ-13, ശനി**

രൂപതയിലെ വിശ്വാസപരിശീലകരുടെ വാർഷിക കൺവെൻഷൻ **ജൂലൈ 13 ശനിയാഴ്ച വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ** വച്ച് നടക്കുന്നു. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയാണ് കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നത്.

എല്ലാ ബഹു. വികാരിയച്ചന്മാരെയും കൊച്ചച്ചന്മാരെയും ഹെഡ്മാസ്റ്റർമാരെയും വിശ്വാസപരിശീലകരെയും രൂപതാ കൺവെൻഷനിലേക്ക് ആദരപൂർവ്വം സ്വാഗതം ചെയ്യുന്നു. **കൺവെൻഷൻ തീർന്നതിനുശേഷം മാത്രമേ അധ്യാപകർ പോകാവൂ എന്ന കാര്യം**

**ഓർമ്മപ്പെടുത്തുന്നു.**

| | | |
|---|---|---|
| 9.30 am | - | രജിസ്ട്രേഷൻ |
| 10.00 am | - | ഉദ്ഘാടനം |
| | | ക്ലാസ്സ് : **മാർ തോമസ് തറയിൽ** |
| | | (സഹായ മെത്രാൻ, ചങ്ങനാശ്ശേരി അതിരൂപത) |
| 2.00 pm | - | പൊതുസമ്മേളനം |
| | - | ഉദ്ഘാടനം, സമ്മാനദാനം |
| | | **മാർ ജോർജ് മഠത്തിക്കണ്ടത്തിൽ** |

**A ഗ്രേഡ് നേടിയ സൺഡേ സ്കൂളുകൾക്കുള്ള സമ്മാനങ്ങൾ തദവസരത്തിൽ വിതരണം ചെയ്യുന്നതാണ്.**

*V. 66/2019* **നവാഗതരായ അദ്ധ്യാപകർക്ക് നന്ദി**

നവാഗതരായ അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം ജൂൺ 22, 23 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ നടന്നു. ഫാ. തോമസ് മേൽവട്ടം, ഫാ. സിറിയക് ഞാളൂർ, ശ്രീ. ഷാജി മാലിപ്പാറ, ശ്രീ. സെബിച്ചൻ, ശ്രീ. ദീപു വലിയമറ്റം എന്നിവർ ക്ലാസ്സുകൾ നയിച്ചു. 65 അദ്ധ്യാപകർ സെമിനാറിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവ് ട്രെയിനിംഗ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സെമിനാറിന് വന്ന അദ്ധ്യാപകർക്കും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും നന്ദി.

*V. 67/2019* **HCC Rank Holders**

കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ HCC പരീക്ഷയിൽ റാങ്ക് ജേതാക്കളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. വിജയികൾക്ക് അനുമോദനങ്ങൾ.

| | |
|---|---|
| I | അനുഗ്രഹ ജിയോ ഓലിയപ്പുറം, കോതമംഗലം |
| I | ജോബിൻ ജോസ് വാത്തോളിൽ, പോത്താനിക്കാട് |
| II | ജോസ് ആലക്കത്തടത്തിൽ, ചാലാശ്ശേരി |
| III | അശ്വതി ഫ്രാൻസീസ് പടിഞ്ഞാറെയിൽ, പെരുമ്പിള്ളിച്ചിറ |

*V. 68/2019* **SSC, HCC - A, B Forms, പ്രൈവറ്റ് രജിസ്ട്രേഷൻ**

SSC, HCC - A, B Forms, പ്രൈവറ്റ് രജിസ്ട്രേഷന്റെ ഫോം എന്നിവ





ഓൺലൈനിൽ ചെയ്യുന്നതിനായുള്ള അവസാന തീയതി ജൂലൈ 31 ആണ്. പ്രൈവറ്റ് രജിസ്ട്രേഷൻകാരുടെ പേരുകൾ A, B ലിസ്റ്റിൽ ചേർക്കേണ്ടതാണ്. റിമാർക്സ് കോളത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്. **ചോദ്യപേപ്പറിന്റെ എണ്ണത്തിന്റെ കൂടെ ഇവരുടെ എണ്ണം ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അക്കാര്യം പ്രത്യേകം അറിയിക്കണം.**

*V. 69/2019* **PTA**

വിശ്വാസപരിശീലനം ശക്തിപ്പെടുത്തുന്നതിനായി പി.റ്റി.എ. കമ്മിറ്റി രൂപീകരിച്ച് കാണുമല്ലോ. പി.റ്റി.എ. കമ്മിറ്റിയംഗങ്ങളുടെ ലിസ്റ്റ് ഓൺലൈനിൽ ചെയ്യാത്തവർ ജൂലൈ 10-ന് മുമ്പ് ചെയ്യേണ്ടതാണ്.

*V. 70/2019* **വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 20 രൂപയാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. ജൂലൈ 31-ന് മുമ്പ് ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം അറിയിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

*V. 71/2019* **തിയോളജി കോഴ്സ്**

മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ഈ വർഷവും ദൈവശാസ്ത്രപഠന കോഴ്സ് നടത്തുന്നുണ്ട്. വിശ്വാസപരിശീലകർ എല്ലാവരും ഈ കോഴ്സിൽ പങ്കെടുക്കുന്നത് വളരെയേറെ സഹായകവും ആവശ്യവുമാണ്. കാരണം, വിശ്വാസത്തെയും, ബൈബിളിനെയും, സഭയെയും കുറിച്ചുള്ള കുട്ടികളുടെ (മുതിർന്നവരുടെയും) സംശയങ്ങൾക്ക് മറുപടി നൽകുന്നതിനും അവർക്ക് കൂടുതൽ ബോധ്യങ്ങൾ പകർന്നു നൽകുന്നതിനും വിശ്വാസപരിശീലകർക്ക് കടമയുണ്ട്. ഇതിന് ദൈവശാസ്ത്രത്തിന്റെ വിവിധമേഖലകളെക്കുറിച്ചുള്ള സാമാന്യമായ ഒരവബോധം അനിവാര്യമാണ്. നമ്മുടെ രൂപതയിലെ കുറെയേറെ വിശ്വാസപരിശീലകർ ഈ കോഴ്സിൽ പങ്കെടുത്തിട്ടുണ്ട് എന്നത് വളരെ നല്ല കാര്യമാണ്. ഏതാനും വർഷങ്ങൾക്കുള്ളിൽ നമ്മുടെ എല്ലാ വിശ്വാസപരിശീലകരും ദൈവശാസ്ത്രകോഴ്സിൽ പങ്കെടുക്കണം. സൺഡേ സ്കൂളുകളുടെ ഗ്രേഡിംഗിൽ ഈ കോഴ്സിലെ വിശ്വാസപരിശീലകരുടെ പങ്കാളിത്തം കൂടി ഒരു മാനദണ്ഡമായിരിക്കും.

ആഗസ്റ്റ് 10-ാം തീയതി ശനിയാഴ്ചയാണ് ഈ വർഷത്തെ കോഴ്സ് ആരംഭിക്കുന്നത്.

**ഒരു വിശ്വാസപരിശീലകൻ പങ്കെടുത്ത് സർട്ടിഫിക്കറ്റ് ലഭിച്ചാൽ 20 മാർക്ക് വീതം സൺഡേ സ്കൂളിന് ലഭിക്കുന്നതാണ്. പരമാവധി 100 മാർക്ക് വരെയാണ് ലഭിക്കുകയുള്ളൂ.**

*V. 72/2019* **സൺഡേ സ്കൂൾ ബാഗ്**

പുതിയ സൺഡേ സ്കൂൾ ബാഗ് വിജ്ഞാനഭവൻ ബുക്ക് സ്റ്റാളിൽ നിന്ന് ലഭ്യമാണ്. വില 70, 130.

*V. 73/2019* **സൺഡേ സ്കൂൾ ഡയറി**

മികച്ച സൺഡേ സ്കൂൾ ഡയറിക്ക് സമ്മാനം ഉണ്ടായിരിക്കും. ജൂലൈ 31-ന് മുമ്പ് വിജ്ഞാനഭവനിൽ എത്തിക്കണം. 60 പേജിൽ കൂടാൻ പാടില്ല.

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn.19/2019* **കൃത്യസമയത്ത് ഫാറങ്ങൾ എത്തിക്കുക**

കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഓഫീസിലേക്ക് അയച്ചുതരേണ്ട ഫാറങ്ങൾ യഥാസമയം അയച്ചുതരണമെന്ന് ഓർമ്മിപ്പിക്കുന്നു. പ്രധാനാദ്ധ്യാപകർക്കുണ്ടാകുന്ന സംശയങ്ങൾ ഈ ഓഫീസുമായി ബന്ധപ്പെട്ട് കൃത്യസമയത്ത് മറുപടി കണ്ടെത്തുവാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

| | |
|---|---|
| 1. M.G. Applications | 30-08-2020 |
| 2. Fitness Applications | 15-01-2020 |
| 3. Annual School Report | 15-01-2020 |

ജൂലൈ മാസത്തിന് മുമ്പ് എത്തിക്കാത്ത ഫോറങ്ങൾക്ക് ഇനി അറിയിപ്പ് ഉണ്ടാകില്ല.

*Edn. 20/2019* **പ്രൊബേഷൻ**

പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ളവർ രൂപതാവിദ്യാഭ്യാസ ഓഫീസിൽനിന്നും ലഭിക്കുന്ന ഫാറം മേലധികാരിയെക്കൊണ്ട് (മാനേജർ/പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ) പൂരിപ്പിച്ച് യഥാസമയം രൂപത വിദ്യാഭ്യാസ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഇക്കാര്യത്തിനായി വരുന്നവർ മുൻകൂട്ടി അറിയിച്ച് സെക്രട്ടറിയച്ചൻ നൽകുന്ന സമയത്ത് വരുവാനും ശ്രദ്ധിക്കുമല്ലോ.

*Secretary*





## സോഷ്യൽ സർവീസ്

*SS. 17/2019* **അവശതയനുഭവിക്കുന്നവർക്ക് പ്രത്യേക പരിഗണന**

"Leave no one behind" എന്നതാണ് കാരിത്താസ് ഇന്ത്യയുടെയും കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെയും KSSS -ന്റെയും ഈ വർഷത്തെ പ്രവർത്തന മുദ്രാവാക്യം. അതിന്റെ ഭാഗമായി ക്രമീകരിക്കപ്പെടുന്ന പ്രവർത്തന പദ്ധതികൾക്ക് ബഹു. വികാരിയച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും എല്ലാ ഭക്തസംഘടനകളുടെയും ഇടവകാംഗങ്ങളുടെയും സഹായസഹകരണങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

*SS. 18/2019* **ഹൃദ്രോഗമുള്ള കുട്ടികൾക്ക് സൗജന്യഹൃദയ ശസ്ത്രക്രിയ**

ജീവ മെഡിക്കൽസും KSSS -ഉം എറണാകുളം Aster Medicity ഹോസ്പിറ്റലും സംയുക്തമായി സഹകരിച്ച് ഹൃദയശസ്ത്രക്രിയ ആവശ്യമായിരിക്കുന്ന 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ശസ്ത്രക്രിയ നടത്തുവാൻ അവസരമൊരുക്കുന്നു. ഓപ്പൺ ഹാർട്ട് സർജറിയാണെങ്കിൽ 2½ ലക്ഷവും കീഹോൾ സർജറിയാണെങ്കിൽ 1½ ലക്ഷവും ചെലവുവരുന്ന ശസ്ത്രക്രിയയുടെ 75% തുക Aster Medicity വഹിക്കും. ബാക്കി 25% രോഗി വഹിക്കണം. എന്നാൽ സാമ്പത്തികമായി വളരെ അവശതയുള്ള ഏതാനും രോഗികൾക്ക് അവർ നൽകേണ്ട തുകയുടെ പകുതി ജീവമെഡിക്കൽസും ആശാകിരണവും ചേർന്ന് വഹിക്കും. ബാക്കി തുക രോഗിയുടെ കുടുംബമോ ഇടവകയോ ഏതെങ്കിലും സംഘടനയോ മറ്റ് ഗുണകാംക്ഷികളോ ചേർന്ന് സ്വരൂപിക്കണം. ഇക്കാര്യത്തിൽ എല്ലാ സന്നദ്ധ സംഘടനകളുടെയും ഇടവകയിലെ സന്മനസ്സുള്ളവരുടെയും സഹായ സഹകരണങ്ങളും അഭ്യർത്ഥിക്കുന്നു.

ഈ ശസ്ത്രക്രിയയ്ക്ക് മുന്നൊരുക്കമായി ഓപ്പറേഷൻ വേണമോ എന്ന് നിശ്ചയിക്കുവാൻ ഒരു സൗജന്യ മെഡിക്കൽ ക്യാമ്പ് ജൂലൈ 28 ഞായറാഴ്ച രാവിലെ 10 മണി മുതൽ തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെടുന്നതാണ്. ഈ വിവരം വരുന്ന ഞായറാഴ്ച പള്ളിയിൽ അറിയിക്കുമല്ലോ. ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവരുടെ പേരുവിവരവും ഫോൺ നമ്പറും അതാത് ഇടവകകളിൽ ശേഖരിക്കണം. ₹ 200 രജിസ്ട്രേഷൻ ഫീസും വാങ്ങിക്കുക. ഈ രജിസ്ട്രേഷൻ ഫീസ് ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് തിരികെ നൽകുന്നതാണ്. ഏത് മതവിഭാഗത്തിൽ പെട്ടവർക്കും മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കാം.

ജൂലൈ 15-ന് മുമ്പ് മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്നവരുടെ പേരുകളും ഫോൺ നമ്പറും KSSS ഓഫീസിൽ ഫോൺ വഴിയോ ഇമെയിൽ വഴിയോ നേരിട്ടോ അറിയിക്കണം. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 50 പേർക്കായിരിക്കും ക്യാമ്പിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കുന്നവർ ഇതുവരെയുള്ള ചികിത്സ സർട്ടിഫിക്കറ്റുകൾ കൊണ്ടുവരേണ്ടതാണ്.

*SS. 19/2019* **മറ്റ് മെഡിക്കൽ ക്യാമ്പുകൾ**

കേരളത്തിലെ ചില പ്രസിദ്ധ ഹോസ്പിറ്റലുകളുമായി സഹകരച്ച് വിവിധ മെഡിക്കൽ ക്യാമ്പുകൾ നടത്തുവാൻ ജീവ മെഡിക്കൽസും KSSS -ഉം പദ്ധതികൾ തയ്യാറാക്കി വരുന്നു. ഇതിൽ പങ്കാളികളാകുവാൻ ആഗ്രഹിക്കുന്ന സന്നദ്ധസംഘടനകൾ അറിയിക്കുക.

*SS. 20/2019* **സ്കൂളുകളിൽ കാൻസർ ബോധവത്ക്കരണ സെമിനാർ**

നമ്മുടെ നാട്ടിൽ അനുദിനം വർദ്ധിച്ചുവരുന്ന കാൻസർ രോഗത്തെക്കുറിച്ച് വരും തലമുറയ്ക്ക് ബോധവത്ക്കരണം നൽകുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ വർഷം ഒരു സെമിനാർ ആരംഭിച്ചിരുന്നു. കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ, ശ്രീ. ആന്റണി ജോൺ MLA എന്നിവർ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. പക്ഷേ മഴയും മറ്റ് പ്രകൃതിദുരന്തങ്ങളും മൂലം സ്കൂളുകളിൽ വളരെയേറെ പ്രവൃത്തി ദിനങ്ങൾ നഷ്ടപ്പെട്ടതിനാൽ ആ പ്രോഗ്രാം സ്കൂളുകളിൽ തുടരാനായില്ല.

അതിനാൽ ഈ അദ്ധ്യയനവർഷത്തിന്റെ ആരംഭം മുതൽ പ്രസ്തുത ബോധവത്ക്കരണ ക്ലാസ്സുകൾ സ്കൂളുകളിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. കോതമംഗലം രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള ആശാകിരണം പദ്ധതിയുടെ ഭാഗമായാണ് ഇത് ക്രമീകരിക്കുന്നത്.

സ്കൂളുകൾക്ക് കാര്യമായ അസൗകര്യം ഉണ്ടാകാത്തവിധത്തിലാണ് ഇത് ക്രമീകരിക്കുന്നത്. ബഹു. പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ നിർദ്ദേശിക്കുന്നതുപോലെ ഓരോ ക്ലാസ്സിനോ, രണ്ടോ മൂന്നോ ക്ലാസ്സുകൾ ഒരുമിച്ചുകൂട്ടിയോ സെമിനാർ എടുക്കുന്നതാണ്. കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ സൗണ്ട് സിസ്റ്റം ക്രമീകരിച്ചു നൽകുമല്ലോ. ക്ലാസ്സെടു





ക്കുവാൻ വരുന്നവരുടെ യാത്രാച്ചെലവ് KSSS -ൽ നിന്നും വഹിക്കുന്നതാണ്.

*SS. 21/2019* **കാൻസർ രോഗമുള്ള കുട്ടികൾക്ക് ചികിത്സാസഹായം**

നമ്മുടെ സ്കൂളുകളിൽ കാൻസർ രോഗമുള്ള കുട്ടികൾ ഉണ്ടെങ്കിൽ പ്രിൻസിപ്പലിന്റെ/ഹെഡ്മാസ്റ്ററുടെ കത്തും മെഡിക്കൽ സർട്ടിഫിക്കറ്റും സഹിതം രൂപതാ സോഷ്യൽ സർവീസ് (KSSS) ഓഫീസുമായി ബന്ധപ്പെട്ടാൽ സാധ്യമായ ചികിത്സാസഹായം നൽകുന്നതാണ്. കത്തോലിക്കാ വിദ്യാർത്ഥികളാണെങ്കിൽ ബഹുമാനപ്പെട്ട വികാരിയച്ചന്റെ കത്ത് കൂടി നൽകേണ്ടതാണ്.

Director

## തിരുബാലസഖ്യം

*HC. 5/2019* **ആനിമേറ്റേഴ്സ് മീറ്റ്**

തിരുബാലസഖ്യം ആനിമേറ്റേഴ്സ് മീറ്റ് ജൂൺ 22-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തപ്പെട്ടു. എൺപതോളം പേർ പങ്കെടുത്ത സമ്മേളനത്തിൽ കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. സിറിയക് ഞാളൂർ അദ്ധ്യക്ഷത വഹിച്ചു. തദവസരത്തിൽ തിരുബാലസഖ്യത്തിന്റെ ഈ വർഷത്തെ മാർഗരേഖ പ്രകാശനം ചെയ്തു.

*HC. 6/2019* **കലാമത്സരങ്ങൾ**

ഈ വർഷത്തെ തിരുബാലസഖ്യം കലാമത്സരങ്ങൾ ആഗസ്റ്റ് 10-ാം തീയതി 3 റീജിയണുകളിലായി നടത്തപ്പെടുന്നു. മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ ഓൺലൈൻ ആയിട്ടാണ് നടത്തപ്പെടുക. ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 20-ന് ആരംഭിച്ച് ആഗസ്റ്റ് 6-ാം തീയതി അവസാനിക്കുന്നതാണ്. ഇക്കാര്യം ആനിമേറ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

Director

## ചെറുപുഷ്പ മിഷൻലീഗ്

*CML 39/2019* **മേഖലാ ഡയറക്ടേഴ്സ്**

| | | |
|---|---|---|
| കോതമംഗലം | - | റവ. ഫാ. തോമസ് ചെറുപറമ്പിൽ |
| ഊന്നുകൽ | - | റവ. ഫാ. തോമസ് പൂവത്തിങ്കൽ |

| | | |
|---|---|---|
| മൂവാറ്റുപുഴ | - | റവ. ഫാ. ആന്റണി പുത്തൻകുളം |
| കരിമണ്ണൂർ | - | റവ. ഫാ. സ്റ്റാൻലി പുൽപ്രയിൽ |
| വാഴക്കുളം | - | റവ. ഫാ. കുര്യാക്കോസ് കൊടകല്ലിൽ |
| മുതലക്കോടം | - | റവ. ഫാ. ജോസഫ് അടപ്പൂർ |
| തൊടുപുഴ | - | റവ. ഫാ. ജോർജ് തടിക്കാട്ട് |
| കാളിയാർ | - | റവ. ഫാ. ജോൺ ആനിക്കോട്ടിൽ |
| **അസി. ഡയറക്ടേഴ്സ്** | | |
| കോതമംഗലം | - | റവ. ഫാ. സക്കറിയാസ് കല്ലിടുക്കിൽ |
| ഊന്നുകൽ | - | റവ. ഫാ. ആന്റണി വിളയപ്പിള്ളിൽ |
| മൂവാറ്റുപുഴ | - | റവ. ഫാ. ജോസഫ് കപ്യാരുമലയിൽ |
| കരിമണ്ണൂർ | - | റവ. ഫാ. ആന്റണി ഞാലിപ്പറമ്പിൽ |
| വാഴക്കുളം | - | റവ. ഫാ. ജോസഫ് പുളിക്കൽ (Jr.) |
| മുതലക്കോടം | - | റവ. ഫാ. ജോസ് ചിരപ്പറമ്പിൽ |
| തൊടുപുഴ | - | റവ. ഫാ. മാത്യു തറപ്പിൽ |
| കാളിയാർ | - | റവ. ഫാ. ജോർജ് പീച്ചാണിക്കുന്നേൽ |

കഴിഞ്ഞ പ്രവർത്തനവർഷങ്ങളിൽ മേഖലാ ഡയറക്ടേഴ്സായും അസി. ഡയറക്ടേഴ്സായും സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട എല്ലാ അച്ചന്മാർക്കും ഹൃദയംഗമമായ നന്ദി.

*CML 40/2019* **സമ്മാനകൂപ്പൺ**

ഈ വർഷവും രൂപതാതലത്തിൽ സമ്മാനകൂപ്പൺ തയ്യാറായിരിക്കുന്നു. ഒരു കൂപ്പണിന് 10 രൂപയാണ് വില. ഓരോ കൂപ്പൺ ബുക്കും പൂർണ്ണമായും ചെലവാക്കുമ്പോൾ കുട്ടിക്ക് 20 രൂപയും, യൂണിറ്റിന് 10 രൂപയും വീതം കമ്മീഷൻ എടുക്കാവുന്നതാണ്. പൂർണ്ണമാകാത്ത ബുക്കിന് കമ്മീഷൻ ഉണ്ടായിരിക്കുന്നതല്ല. കമ്മീഷൻ കിഴിച്ച് ഒരു ബുക്കിന് 170 രൂപ വച്ച് 2019 ആഗസ്റ്റ് 30-ാം തീയതിക്കുമുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

*CML 41/2019* **രൂപതാ മാനേജിംഗ് കമ്മിറ്റി**

രൂപതാ മാനേജിംഗ് കമ്മിറ്റി ജൂൺ 29-ാം തീയതി രാവിലെ 9.00 മണിക്ക് മൂവാറ്റുപുഴ NESTT-ൽ വച്ച് നടത്തി. സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

*CML 42/2019* **രൂപതാ കൗൺസിലും വാർഷികവും**

2019-20 പ്രവർത്തനവർഷത്തിലെ രൂപതാകൗൺസിലും വാർഷികവും ജൂൺ 30-ാം തീയതി 2.30 pm-ന് മൂവാറ്റുപുഴ NESTT-ൽ വച്ച് നടന്നു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ





പിതാവ് കൗൺസിൽ ഉദ്ഘാടനം ചെയ്തു. രൂപതാപ്രസിഡന്റ് ശ്രീ. കെവിൻ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. തദവസരത്തിൽ മിഷൻലീഗ് സംഘടനയുടെ "മൺപാത്രത്തിലെ നിധി" ലോഞ്ച് ചെയ്തു. ഇതോടൊപ്പം തന്നെ 7-ാം ക്ലാസ്സുകാരുടെ ട്രെയിനിംഗ് പ്രോഗ്രാമായ 'Gems'-ന് ഔദ്യോഗിക തുടക്കം കുറിച്ചു. കഴിഞ്ഞ പ്രവർത്തനവർഷത്തിലെ മികച്ച മേഖലകൾ, ശാഖകൾ, കുഞ്ഞേട്ടൻ അനുസ്മരണ ഉപന്യാസ മത്സരവിജയികൾ, പവർപോയിന്റ് പ്രസന്റേഷൻ മത്സരവിജയികൾ, ഫ്ളാഷ് മത്സര വിജയികൾ, മറിയംത്രേസ്യ ഡയറി നിർമ്മാണ മത്സര വിജയികൾ, കയ്യെഴുത്ത് മാസിക നിർമ്മാണ വിജയികൾ, ചെറുസൂനം ക്വിസ് മത്സരവിജയികൾ, പ്രോത്സാഹന സമ്മാനങ്ങൾ നേടിയവർ, സമ്പൂർണ്ണ ചെറുസൂനം ശാഖകൾ എന്നിവർക്കുള്ള അവാർഡുകളും ട്രോഫികളും സമ്മാനങ്ങളും വിതരണം ചെയ്തു.

*CML 43/2019* **2018-19 പ്രവർത്തനവർഷത്തെ മികച്ച ശാഖകൾ**

| A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|
| I തൊടുപുഴ | I വടാട്ടുപാറ | I നാടുകാണി |
| II മുതലക്കോടം | II കദളിക്കാട് | II പെരുമ്പള്ളിച്ചിറ |
| | III ആനിക്കാട് | III മാതിരപ്പിള്ളി & മേക്കടമ്പ് |

*CML 44/2019* **സാഹിത്യമത്സരം 2019**

പ്രവർത്തനവർഷത്തെ രൂപതാസഹിത്യമത്സരം 2019 ജൂലൈ 31-ന് 8 മേഖലാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. സാഹിത്യമത്സരാർത്ഥികളുടെ ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 13- ന് ആരംഭിച്ച് 27-ന് അവസാനിക്കും.

*CML 45/2019* **അംഗത്വസ്വീകരണം**

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ അംഗത്വസ്വീകരണം ജൂലൈ 3-ാം തീയതി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

*CML 46/2019* **ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

2019-20 പ്രവർത്തനവർഷത്തെ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് ജൂൺ 1-ാം തീയതി രാവിലെ 9.30-ന് NESTT-ൽ വച്ച് നടത്തി. 83 ആനിമേറ്റേഴ്സ് പങ്കെടുത്തു. സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും സഹകരണം പ്രതീക്ഷിക്കുന്നു.

*CML 47/2019* **മേഖലാകൗൺസിൽ**

2019-20 പ്രവർത്തനവർഷത്തെ മേഖലാകൗൺസിലുകൾ ജൂൺ 16-23 തീയതികളിലായി നടത്തി.

*CML 48/2019* **"SALT AND LIGHT"**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതയുടെ പുതിയ സംരംഭത്തിന് ജൂൺ 21-ാം തീയതി തുടക്കം കുറിച്ചു. പ്രധാനപ്പെട്ട തിരുനാളുകളോടനുബന്ധിച്ച് പുത്തൻ ആശയങ്ങൾ, ചിന്താശകലങ്ങൾ തുടങ്ങിയവ പങ്കുവച്ച് കൂടുതൽ ക്രിസ്തുമാർഗത്തിൽ ചരിച്ച് ലോകത്തിന് പ്രകാശമാകുവാൻ കുട്ടികളെ സജ്ജരാക്കുക എന്നതാണ് ഇത് ലക്ഷ്യമാക്കുന്നത്.

*CML 49/2019* **'മൺപാത്രത്തിലെ നിധി'**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ കുട്ടികളിൽ ദൈവവിളി പ്രോത്സാഹനത്തിനായി സഭയിലെ വിവിധ തുറകളിൽ ശുശ്രൂഷ ചെയ്യുന്നവരുടെ ദൈവവിളിയുടെ ചുരുളഴിയുന്ന പുതിയ പ്രോഗ്രാമാണ് 'മൺപാത്രത്തിലെ നിധി.' അഭിമുഖ സംഭാഷണശൈലിയിലാണ് ഈ സംരംഭം അണിയിച്ചൊരുക്കിയിരിക്കുന്നത്.

*Director*

## കെ.സി.എസ്.എൽ.

*KCSL 21/2019* **പ്രവർത്തനവർഷ ആരംഭം**

ജൂൺ 15-ന് രൂപതാകൗൺസിൽ അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്ത് പ്രവർത്തനവർഷം ആരംഭിച്ചു. രൂപതാകൗൺസിലിൽ വച്ച് പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. 10, +2 പരീക്ഷകളിൽ മികച്ച വിജയം നേടിയ കെ.സി.എസ്.എൽ. അംഗങ്ങളെ രൂപതാകൗൺസിലിൽ വച്ച് ആദരിച്ചു. മികച്ച സേവനം ചെയ്ത് കടന്നുപോയ എല്ലാ ഭാരവാഹികളെയും ഈ അവസരത്തിൽ നന്ദിയോടുകൂടി ഓർക്കുന്നു.

*KCSL 22/2019* **പുതിയ ഭാരവാഹികൾ**

| | |
|---|---|
| വൈസ് പ്രസിഡന്റ് | - പ്രിൻസ് വർഗീസ് (സെന്റ് മേരീസ് HSS, ആരക്കുഴ) |
| ട്രഷറർ | - സി. ടെസ്മി SABS (സെന്റ് സെബാസ്റ്റ്യൻസ് HSS, ആനിക്കാട്) |





| | |
|---|---|
| ആനിമേറ്റർ (യു.പി. വിഭാഗം) | - ബിൻസി ജോസഫ് (LFHS, വാഴക്കുളം). |
| എക്സിക്യൂട്ടീവ് അംഗങ്ങൾ | - ജോമോൻ ജോസ് (നിർമ്മല HSS, മൂവാറ്റുപുഴ), സി. റെജിൻ മണിക്കുഴി SH (LFUPS, നെടിയകാട്) |

**വിദ്യാർത്ഥി ഭാരവാഹികൾ**

| | |
|---|---|
| ചെയർമാൻ | - ജോർജി സാജു (സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്) |
| ജനറൽ സെക്രട്ടറി | - ആൻ മരിയ ജോസഫ് (സെന്റ് മേരീസ് HSS, കാളിയാർ) |
| HSS സെക്രട്ടറിമാർ | - ഷോൺ ഷിബു (നിർമ്മല HSS, മൂവാറ്റുപുഴ) അലീഷ ജോളി (സെന്റ് അഗസ്റ്റിൻസ് HSS, കല്ലൂർക്കാട്) |
| HS സെക്രട്ടറിമാർ | - അലൻ ജോമോൻ (ജയ്റാണി പബ്ലിക് സ്കൂൾ, തൊടുപുഴ) മേഖ മേരി വർഗീസ് (ജയ്റാണി EMHS, തൊടുപുഴ) |
| UP സെക്രട്ടറിമാർ | - ജിയോ ജെയിംസ് (സെന്റ് ജോസഫ് HSS, ആരക്കുഴ) ലെവിസ് നോബിൾ (സെന്റ് ജോൺസ് UPS, കലൂർ) അനിത സണ്ണി (ലിറ്റിൽ ഫ്ളവർ HS, ഊന്നുകൽ) |

പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞ ജൂൺ 29-ന് നടക്കുന്ന ആനിമേറ്റേഴ്സ് സംഗമത്തിൽ വച്ച് നടക്കുന്നു.

*KCSL 23/2019* **സംസ്ഥാനതല പ്രവർത്തന ഉദ്ഘാടനം**

സംസ്ഥാനതല പ്രവർത്തന ഉദ്ഘാടനം നമ്മുടെ രൂപതയുടെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴ നിർമ്മല HSS-ൽ വച്ച് ജൂൺ 21-ന് നട

ന്നു. അഭിവന്ദ്യ പിതാവ് ഉദ്ഘാടനം നിർവഹിച്ചു. തദവസരത്തിൽ നമ്മുടെ രൂപതയിലെ എൽ.പി. വിഭാഗം KCSL പ്രവർത്തനങ്ങളുടെ ഉദ്ഘാടനം, ഈ വർഷത്തെ പ്രവർത്തനമാർഗരേഖ മൂവാറ്റുപുഴ, ലിറ്റിൽ ഫ്ളവർ LP സ്കൂളിലെ കൂട്ടുകാർക്ക് നൽകിക്കൊണ്ട്, അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. ഓരോ യൂണിറ്റിലെയും അർഹരായ കുട്ടികൾക്ക് പഠനോപകരണങ്ങളും തദവസരത്തിൽ വിതരണം ചെയ്തു. സഹകരിച്ച് സഹായിച്ച ഏവർക്കും നന്ദി.

*KCSL 24/2019* **ആനിമേറ്റേഴ്സ് സംഗമം**

2019-20 പ്രവർത്തനവർഷത്തിലെ പ്രഥമ ആനിമേറ്റേഴ്സ് സംഗമം ജൂൺ മാസം 29-ന് മൂവാറ്റുപുഴ NESTT -ൽ വച്ച് നടന്നു. എല്ലാ ആനിമേറ്റർമാരും ഈ സംഗമത്തിൽ പങ്കെടുത്തു. 9.30-ന് സംഗമം ആരംഭിച്ചു. ഈ വർഷത്തെ പഠനവിഷയമായ 'വിശുദ്ധി വിരിയുന്ന കൗമാരം' എന്ന പാഠപുസ്തകം ആസ്പദമാക്കിയ പഠനക്ലാസ്സും പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞയും അന്നേ ദിവസം നടന്നു.

*KCSL 25/2019* **തിരുവചന ബോർഡ് സ്ഥാപനം**

തിരുവചനസന്ദേശ വ്യാപനത്തിനായി തിരുവചന ബോർഡ് എല്ലാ യൂണിറ്റുകളിലും ജൂലൈ 5-ാം തീയതി സ്ഥാപിക്കുമല്ലോ.

*KCSL 26/2019* **സ്ക്രാച്ച് ആന്റ് വിൻ കൂപ്പൺ**

മുൻവർഷങ്ങളിൽ ചെയ്തതുപോലെ സ്ക്രാച്ച് ആന്റ് വിൻ കൂപ്പൺ എല്ലാ യൂണിറ്റുകളും വില്പന നടത്തി ജൂലൈ മാസത്തിൽ തിരികെ ഏല്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു ബുക്കിൽ നിന്നും 30 രൂപ യൂണിറ്റിനും 20 രൂപ കുട്ടിക്കും കമ്മീഷൻ ഉണ്ടായിരിക്കും. ബാലൻസായ 150 രൂപ ഓഫീസിൽ തിരിച്ച് ഏല്പിക്കണം.

*KCSL 27/2019* **വെബ്സൈറ്റ് രജിസ്ട്രേഷൻ**

എല്ലാ അംഗങ്ങളുടെയും പേരുകൾ വെബ്സൈറ്റിൽ രജിസ്ട്രേഷൻ നടത്തണം. യൂണിറ്റ് ഭാരവാഹികൾ അവരുടെ പേരും ഫോൺനമ്പറും നിർദ്ദിഷ്ട ഭാഗത്ത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. മെസേജുകൾ വെബ്സൈറ്റ് വഴി ഫോണിലേക്ക് എത്തിക്കുന്നതിന് വേണ്ടിയാണ് ഈ രജിസ്ട്രേഷൻ നടത്തുന്നത് എന്ന് ഓർമ്മിക്കുമല്ലോ.

*KCSL 28/2019* **ഇന്റർ സ്കൂൾ ബൈബിൾ ക്വിസ്**

ഇന്റർ സ്കൂൾ ബൈബിൾ ക്വിസ് മത്സരത്തിന്റെ പ്രാഥമിക ഘട്ടം മൂന്ന് സെന്ററുകളിലായി ജൂലൈ 12 വെള്ളിയാഴ്ച നടക്കുന്നതാണ്.





ഓരോ വിഭാഗത്തിൽ നിന്നും രണ്ടുപേരടങ്ങുന്ന ഒരു ടീം പ്രാഥമിക റൗണ്ടിൽ മത്സരിക്കണം. ഓരോ സെന്ററിൽ നിന്നും ഓരോ വിഭാഗത്തിലും ഒന്നും രണ്ടും ടീമുകൾ രൂപതാതലത്തിൽ മത്സരിക്കുവാനുള്ള യോഗ്യത നേടുന്നു.

**സെന്ററുകൾ**

കോതമംഗലം റീജിയൺ : സെന്റ് അഗസ്റ്റിൻസ് GHSS, കോതമംഗലം
മൂവാറ്റുപുഴ റീജിയൺ : സെന്റ് അഗസ്റ്റിൻസ് GHSS, മൂവാറ്റുപുഴ
തൊടുപുഴ റീജിയൺ : ജയ്റാണി ഇംഗ്ലീഷ് മീഡിയം HSS, തൊടുപുഴ

**പഠനഭാഗങ്ങൾ**

വി. മത്തായിയുടെ സുവിശേഷം 19-28 അദ്ധ്യായങ്ങൾ, പ്രഭാഷകൻ 11-17 അദ്ധ്യായങ്ങൾ, വെളിപാട് 17-22 അദ്ധ്യായങ്ങൾ

*Director*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 34 /2019* **രൂപത എക്സിക്യൂട്ടീവ്**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത എക്സിക്യൂട്ടീവ് ജൂലൈ 17 ബുധൻ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

*FA 35/2019* **കുടുംബനവീകരണധ്യാനം**

കുടുംബനവീകരണധ്യാനം ജൂലൈ 19 വെള്ളി വൈകിട്ട് 4 മുതൽ 21-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ.

*FA 36/2019* **Marriage Preparation Courses in Kerala, JULY 2019**

| DIOCESE / ARCHDIOCESE - PHONE NUMBER | | 1st Week | 2nd Week | 3rd Week | 4th Week | 5th Week |
|---|---|---|---|---|---|---|
| Alappuzha | 8113934970 | | 12-14 | | | |
| Changanacherry | 0481-2424476 | 1-3 | 8-10 | 22-24 | | |
| Ernakulam (Kaloor) | 0484-2533077 | | 7-9 | 22-24 | 29-31 | |
| Ernakulam (Kalady) | 0484-2462607 | | | 16-18 | 23-25 | |
| Idukki | 04864222632, 9447777935 | | | | 23-25 | |
| Irinjalakuda | 0480-2880439, 9447992216 | 1-3 | | 15-17 | 29-31 | |
| Kanjirappally | 0482-8205628, 9497096431 | 1-3 | | | 25-27 | |
| Kochi (Latin) | 0484-2328077, 8547723791 | | 11-14 | | | |
| Kollam (Latin) | 0474-2749349, 9645671314 | 3-5 | | 17-19 | 24-26 | |
| Kothamangalam | 0485-2989222, 9495011191 | 1-3 | | 15-17 | | |

| | | | | | | |
|---|---|---|---|---|---|---|
| Kottappuram (Latin) | 0480-2807733, 9446605551 | 3-5 | | | | |
| Kottayam | 04812790947, 9495080049 | | 11-13 | | | |
| Kozhikode | 9349437053 | | | 18-20 | | |
| Mananthavady | 0493-5241335, 9567764944 | | | 14-17 | | |
| Mavelikkara (Malankara) | 9447366149 | 5-7 | | | | |
| Neyyattinkara (Latin) | 9447005093 | | | 10-12 | | |
| Palai | 0482-2210049 | 1-3 | | 17-19 | | |
| Palakkad | 8281340073 | 1-4 | | | | |
| Pathanamthitta | 9496806089 | 5-7 | | | | |
| Sulthanpett | 9495911256 | | | | 21-22 | |
| Thalassery | 0490-2343414, 9446679001 | | 9-11 | | 23-25 | |
| Thamarassery | 0495-2730860, 9495693810 | | 8-11 | | | |
| Thiruvalla | 9895556074 | | 9-11 | | 23-25 | |
| Thiruvananthapuram(Latin) | 9895092479 | 5-7 | | | 22-24 | |
| Thiruvananthapuram(Malankara) | 8304841964 | | | | 13-15 | |
| Thrissur | 0487-2336066, 9605043327 | 3-5 | 10-12 | 17-19 | 24-26 | 31-02 |
| Vijayapuram | 9447182300 | | 11-13 | | | |

*Director*

## മാതൃവേദി

*MV 28/2019* **ആനിമേറ്റേഴ്സ് മീറ്റ്**

ജൂൺ 15-ാം തീയതി NESTT -ൽ വച്ച് നടത്തിയ ആനിമേറ്റേഴ്സ് മീറ്റിംഗിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് സംവദിക്കുകയും ആനിമേറ്റേഴ്സിന്റെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്തു. വിവിധ യൂണിറ്റുകളിൽ നിന്നായി ഏകദേശം 100 പേർ പങ്കെടുത്തു.

*MV 29/2019* **ബൈബിൾ കയ്യെഴുത്ത് മത്സരം**

ബൈബിൾ കയ്യെഴുത്ത് പ്രതി ജൂലൈ 31 -നുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. യൂണിറ്റുകളിൽനിന്നും ഫൊറോനയിൽ ആണ് ബൈബിൾ എത്തിക്കേണ്ടത്. രൂപതയിൽ നിന്ന് അറിയിക്കുന്ന ദിവസം രൂപതയിൽ നിന്നുള്ള ടീമംഗങ്ങൾ ബൈബിൾ വിലയിരുത്തുകയും ഓരോ ഫൊറോനയിൽ നിന്നും മികച്ച 15 ബൈബിൾ തിരഞ്ഞെടുത്ത് രൂപതാതല വിലയിരുത്തലിനായി നൽകുന്നു. ഇതിൽ നിന്നാണ് ഏറ്റവും മികച്ചത് തിരഞ്ഞെടുക്കുന്നത്.





*MV 30/2019* **യൂദിത്ത് മിനിസ്ട്രി**

ജൂൺ 8-ാം തീയതി രാമല്ലൂർ സാൻജോ ഭവനിൽ നടന്ന സ്നേഹത്തണൽ യൂദിത്ത് കൂട്ടായ്മയിൽ 10, +2 പരീക്ഷകളിൽ വിജയികളായ കുട്ടികളെ ആദരിച്ചു. വികാരി ജനറാൾ റവ. മോൺ. ഫ്രാൻസീസ് കീരംപാറ അനുഗ്രഹ പ്രഭാഷണം നടത്തി. സി.എം.സി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. നവ്യ മരിയ കുട്ടികളെ അഭിനന്ദിച്ചു.

ജൂലൈ 13-ാം തീയതി രാമല്ലൂർ സാൻജോ ഭവനിൽ വച്ച് യൂദിത്ത് മിനിസ്ട്രിയുടെ പ്രാർത്ഥനാകൂട്ടായ്മ ഉണ്ടായിരിക്കും. ജൂലൈ 21-ന് വാഴപ്പിള്ളി ജീവോദയ ട്രെയിനിംഗ് സെന്ററിൽ വച്ച് യൂദിത്ത് അംഗങ്ങൾക്കായി ഏകദിന ലീഡർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം ഉണ്ടായിരിക്കുന്നതാണ്.

*MV 31/2019* **ഉണർവ്വ്**

ജൂലൈ 13-ാം തീയതി രാമല്ലൂർ സാൻജോ ഭവനിൽ വച്ച് യൂദിത്ത് മിനിസ്ട്രിയുടെ പ്രാർത്ഥനാകൂട്ടായ്മ ഉണ്ടായിരിക്കും. ജൂലൈ 21-ന് വാഴപ്പിള്ളി ജീവോദയ ട്രെയിനിംഗ് സെന്ററിൽ വച്ച് യൂദിത്ത് അംഗങ്ങൾക്കായി ഏകദിനലീഡർഷിപ്പ് ട്രെയിനിംഗ് ഉണ്ടായിരിക്കുന്നതാണ്.

*MV 32/2019* **മരിയൻ ക്വിസ്**

രൂപതാതല മരിയൻക്വിസ് മത്സരം ജൂലൈ 19-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30-ന് മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ക്വിസിന് ആവശ്യമായ പുസ്തകം NESTT ഓഫീസിൽ നിന്നും ലഭ്യമാണ്. മത്സരത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം ലഭിക്കുന്നവരായിരിക്കും അന്തർദേശീയ മരിയൻ ക്വിസ് മത്സരത്തിൽ പങ്കെടുക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**പഠനവിഷയങ്ങൾ**

1. പരിശുദ്ധ അമ്മയെക്കുറിച്ചുള്ള വി. ഗ്രന്ഥഭാഗങ്ങൾ, സഭാപിതാക്കന്മാരുടെ പഠനങ്ങൾ, വിശുദ്ധരുടെ സാക്ഷ്യങ്ങൾ, സഭയുടെ ഔദ്യോഗിക പഠനങ്ങൾ, പരിശുദ്ധ മറിയത്തിന്റെ പ്രത്യക്ഷീകരണം, പരിശുദ്ധ അമ്മയുടെ പ്രാർത്ഥനകൾ, മരിയൻ ക്വിസ് പുസ്തകം, മാർപാപ്പായുടെ ചാക്രിക ലേഖനങ്ങൾ (70%)
2. സ്നേഹത്തിന്റെ സന്തോഷം (5%)
3. ക്രിസ്തൂസ് വിവിത്ത് (ക്രിസ്തു ജീവിക്കുന്നു) (5%)
4. സീറോ മലബാർ സഭയെക്കുറിച്ച് (5%)

5. അന്തർദേശീയ സീറോമലബാർ മാതൃവേദിയെക്കുറിച്ച് (5%)

6. 2019 വർഷത്തെ ലോഗോസ് ക്വിസ് വിഷയത്തിൽ നിന്നും (10%)

*MV 33/2019* **പ്രൊ-ലൈഫ് മേരികെയർ മിഷൻ പരിശീലനം**

ഗർഭിണികൾക്കുവേണ്ടിയുള്ള പരിശീലനം ഞറുക്കുറ്റി ബത്‌ലഹെമിൽവച്ച് ജൂലൈ 12-ാം തീയതി വെള്ളിയാഴ്ച 10.30 am മുതൽ 2.00 pm വരെ നടക്കുന്നു.

*Director*

## DCMS

*DCMS 11/2019* **KCBC നൽകുന്ന സ്കോളർഷിപ്പ്**

ദളിത് കത്തോലിക്കാ വിദ്യാർത്ഥികളുടെ പഠനത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കെ.സി.ബി.സി., എസ്.സി. എസ്.റ്റി., ബി.സി. കമ്മീഷൻ നൽകുന്ന സ്കോളർഷിപ്പ് ഈ വർഷവും മുൻകാലങ്ങളിൽ നൽകിയിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് നൽകുന്നു. SSLC - 80%, +2 - 70%, ഡിഗ്രി, പിജി മറ്റു സാങ്കേതിക കോഴ്സുകൾ 60%. അർഹരായ വിദ്യാർത്ഥികൾ ജൂലൈ 15-ാം തീയതിക്കു മുമ്പായി പൂരിപ്പിച്ച അപേക്ഷാ ഫോം DCMS രൂപതാസമിതിയിൽ ഏല്പിക്കേണ്ടതാണ്.

അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും വിളിക്കേണ്ട നമ്പർ : 9747975511, 9447820173.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 37/2019* **ഫൊറോന കമ്മിറ്റി യോഗങ്ങൾ**

രൂപതാതല വനിത കൺവൻഷനോടനുബന്ധിച്ചുള്ള ഫൊറോന കമ്മിറ്റിയോഗങ്ങൾ മെയ് 29-ന് തൊടുപുഴയിലും 31-ന് കരിമണ്ണൂരിലും ജൂൺ 5-ന് ആരക്കുഴയിലും 15-ന് വീണ്ടും കരിമണ്ണൂരിലും നടന്നു.

*DFC 38/2019* **വനിതാ സംഗമവും സ്ത്രീ ശാക്തീകരണ സെമിനാറും**

DFC വനിതാ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ രൂപതാതല വനിതാസംഗമവും സ്ത്രീശാക്തീകരണ സെമിനാറും ജൂൺ 18 ചൊവ്വാഴ്ച





മൂവാറ്റുപുഴ നിർമ്മല HSS ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. രൂപതയുടെ പുതിയ വികാരി ജനറാൾ മോൺ. ഫ്രാൻസീസ് കീരംപാറ സംഗമം ഉദ്ഘാടനം ചെയ്തു. വനിതാ DFC രൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി റോസിലി ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. ദീപിക M.D റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ദീപിക ഡയറക്ടർ ബോർഡ് അംഗം റവ. ഡോ. തോമസ് പോത്തനാമുഴി, മൂവാറ്റുപുഴ ഫൊറോന വികാരി റവ. ഫാ. പോൾ നെടുമ്പുറത്ത്, വനിതാഫോറം സംസ്ഥാന പ്രസിഡന്റ് സാലിയമ്മ ജോളി, മാതൃവേദി കോതമംഗലം രൂപത പ്രസിഡന്റ് മോളി ജോർജ്, DFC രൂപത ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പോത്തനാമുഴി എന്നിവർ പ്രസംഗിച്ചു. "പുതുതലമുറ മാധ്യമ അടിമത്തത്തിലേക്കോ' എന്ന വിഷയത്തെ അധികരിച്ച് DFC സംസ്ഥാന ജോയിന്റ് ഡയറക്ടർ റവ. ഫാ. ജിനോ പുന്നമറ്റത്തിൽ സെമിനാർ നയിച്ചു.

*DFC 39/2019* **DFC രൂപത റിസോഴ്സ് ടീം**

ദീപിക പ്രോത്സാഹനം, സമുദായ ഐക്യം എന്നിവയ്ക്കായി രൂപീകരിച്ച രൂപതാതല റിസോഴ്സ് ടീമിന്റെ ആദ്യയോഗം 18-06-2019 -ന് മൂവാറ്റുപുഴ നിർമ്മല HSS ഓഡിറ്റോറിയത്തിൽ വച്ച് ചേർന്നു. ദീപിക M.D റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ റിസോഴ്സ് ടീമിന്റെ പ്രവർത്തന പരിപാടി വിശദീകരിച്ചു.

*DFC 40/2019* **രൂപത റീജിയൺ ഡയറക്ടേഴ്സ് & സഹഡയറക്ടേഴ്സ്**

**ആരക്കുഴ**

ഡയറക്ടർ - റവ. ഫാ. ജോൺ മുണ്ടയ്ക്കൽ

അസി. ഡയറക്ടർ - റവ. ഫാ. ജോസഫ് താന്നിക്കൽ

**കാളിയാർ**

ഡയറക്ടർ - റവ. ഫാ. ജോൺ ആനിക്കോട്ടിൽ

അസി. ഡയറക്ടർ - റവ. ഫാ. ജോർജ് പീച്ചാണികുന്നേൽ

**കരിമണ്ണൂർ**

ഡയറക്ടർ - റവ. ഫാ. ജോസ് കിഴക്കേൽ

**കോതമംഗലം**

ഡയറക്ടർ - റവ. ഫാ. തോമസ് ചെറുപറമ്പിൽ

അസി. ഡയറക്ടർ - റവ. ഫാ. സക്കറിയാസ് കല്ലിടുക്കിൽ

**മൈലക്കൊമ്പ്**

ഡയറക്ടർ - റവ. ഫാ. ജെയിംസ് വരാരപ്പിള്ളിൽ

അസി. ഡയറക്ടർ - റവ. ഫാ. ആന്റണി കാളാംപറമ്പിൽ

**മാറിക**

ഡയറക്ടർ - റവ. ഫാ. ജോർജ് നെടുങ്കല്ലേൽ

അസി. ഡയറക്ടർ - റവ. ഫാ. വർഗീസ് പാറമേൽ

**മൂവാറ്റുപുഴ**

ഡയറക്ടർ - റവ. ഫാ. ആന്റണി പുത്തൻകുളം

**മുതലക്കോടം**

ഡയറക്ടർ - റവ. ഫാ. ജോസഫ് അടപ്പൂർ

അസി. ഡയറക്ടർ - റവ. ഫാ. ജോസഫ് നിരവത്ത്

**ഊന്നുകൽ**

ഡയറക്ടർ - റവ. ഫാ. ജോർജ് വള്ളോംകുന്നേൽ

അസി. ഡയറക്ടർ - റവ. ഫാ. ആന്റണി വിളയപ്പിള്ളിൽ

**പൈങ്ങോട്ടൂർ**

ഡയറക്ടർ - റവ. ഫാ. വിൻസെന്റ് നെടുങ്ങാട്ട്

അസി. ഡയറക്ടർ - റവ. ഫാ. ജോൺ വടക്കൻ

**തൊടുപുഴ**

ഡയറക്ടർ - റവ. ഫാ. ജിയോ തടിക്കാട്ട്

അസി. ഡയറക്ടർ - റവ. ഫാ. ജോൺ കടവൻ

**വാഴക്കുളം**

ഡയറക്ടർ - റവ. ഫാ. ജോസ് പുൽപ്പറമ്പിൽ

അസി. ഡയറക്ടർ - റവ. ഫാ. ജോസഫ് പുളിക്കൽ

*DFC 40/2019* **DFC രൂപത കമ്മിറ്റി**

ജൂൺ മാസത്തെ DFC രൂപത കമ്മിറ്റിയോഗം 27-06-2019-ന് മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് ചേർന്നു. വനിതാ കൺവൻഷൻ, ദീപിക നമ്മുടെ ഭാഷാപദ്ധതി, റിസോഴ്സ് ടീം പ്രവർത്തനം എന്നിവ അവലോകനം ചെയ്തു.

*DFC 41/2019* **'ദീപിക നമ്മുടെ ഭാഷ' പദ്ധതി**

രൂപതയിലെ ധാരാളം സ്കൂളുകളിൽ 'ദീപിക നമ്മുടെ ഭാഷ' പദ്ധതി പ്രകാരമുള്ള പത്രവിതരണം ആരംഭിച്ചതിൽ സന്തോഷം. അവയ്ക്കായി സ്പോൺസർ ചെയ്തവർക്ക് നന്ദിയും അറിയിക്കുന്നു. ഈ പദ്ധതി ഇനിയും തുടങ്ങാത്ത സ്കൂളുകളിൽ അത് എത്രയും വേഗം നടപ്പിലാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ DFC ഫൊറോന പ്രസിഡന്റുമാർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*Co-ordinator*





## യുവദീപ്തി

*YD 23/2019* **അർധവാർഷിക കൗൺസിൽ**

കഴിഞ്ഞ 6 മാസകാലയളവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഫൊറോന രൂപത അർധവാർഷിക റിപ്പോർട്ടുകൾ അവതരിപ്പിക്കുന്നതിനുമായി രൂപത അർധവാർഷിക കൗൺസിൽ ജൂലൈ 13-ാം തീയതി മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കും. എല്ലാ ഫൊറോനാ ഭാരവാഹികളും പങ്കെടുക്കുമല്ലോ.

*YD 24/2019* **ജിബിൻ മെമ്മോറിയൽ രൂപതാതല ക്വിസ് മത്സരം**

ജിബിൻ മെമ്മോറിയൽ രൂപതാതല ക്വിസ് മത്സരം ജൂലൈ 28-ന് ഉച്ചയ്ക്ക് 2.00 മണിക്ക് മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കും. ഫൊറോനതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന ടീമിനായിരിക്കും രൂപതാലത്തിൽ മത്സരിക്കാൻ യോഗ്യതയുണ്ടായിരിക്കുക. മത്സരാർത്ഥികൾ ഇടവകവികാരിയുടെ സാക്ഷ്യപത്രം നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

*YD 25/2019* **അടുക്കളപച്ച- അമ്മയ്ക്കൊരു കൈത്താങ്ങ്**

രൂപതാതലത്തിൽ നടത്തുന്ന ജൈവ പച്ചക്കറിത്തോട്ട നിർമ്മാണ മത്സരം 'അടുക്കളപച്ച - അമ്മയ്ക്കൊരു കൈത്താങ്ങ്' മത്സരത്തിന്റെ ഉദ്ഘാടനം NESTT പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഡോ. ജോർജ് കാരക്കുന്നേൽ നിർവ്വഹിച്ചു. മത്സരത്തിന്റെ വിശദവിവരങ്ങൾ സർക്കുലറിൽ ലഭ്യമാണ്.

*YD 26/2019* **സെന്റ് തോമസ് മൂർ ദിനാചരണം**

കെ.സി.വൈ.എം.-ന്റെ സ്വർഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിനെ അനുസ്മരിച്ചുകൊണ്ട് സംസ്ഥാനതല സെന്റ് തോമസ് മൂർ ദിനാചരണം ആലക്കോട് സെന്റ് തോമസ് മൂർ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

*YD 27/2019* **നന്ദി, സ്വാഗതം**

കഴിഞ്ഞ മൂന്നുവർഷക്കാലം രൂപതാ ആനിമേറ്ററായി സേവനം

ചെയ്തുകൊണ്ട് ഞങ്ങൾക്കൊപ്പമുണ്ടായിരുന്ന സി. അലീന FCC -യ്ക്ക് രൂപത കുടുംബത്തിന്റെ നന്ദി.

രൂപത ആനിമേറ്ററായി നിയമിതയായിരിക്കുന്ന സി. റെനിറ്റ് FCC -യ്ക്ക് യുവദീപ്തി കുടുംബത്തിലേക്ക് ഏറെ സ്നേഹത്തോടെ സ്വാഗതം.

*Director*

## ജീസസ് യൂത്ത്

*JY 12/2019* **ഔട്ട് റീച്ച് പ്രോഗ്രാം**

കോതമംഗലം ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ ജൂൺ 15, ശനിയാഴ്ച മൈലക്കൊമ്പ്, ദിവ്യരക്ഷാലയത്തിലേക്കും, കോതമംഗലം (മലയിൻകീഴ്) സ്നേഹാലയത്തിലേക്കും Outreach -നു പോയിരുന്നു, അങ്ങനെ അവിടെ ഉള്ള നമ്മുടെ അപ്പച്ചന്മാർക്കും അമ്മമാർക്കും ഒരു സാന്ത്വനമായി മാറാൻ ദൈവകൃപയാൽ സാധിച്ചു.

*JY 13/2019* **പന്തക്കുസ്ത ദിനാചരണം**

പന്തക്കുസ്ത ദിനത്തോട് അനുബന്ധിച്ചു കോതമംഗലം സോണിൽ നിന്നും 200 ഓളം ജീസസ് യൂത്ത് അംഗങ്ങൾ ഈശോയുടെ മുമ്പിൽ സമർപ്പണം, പുനഃസമർപ്പണം നടത്തുകയുണ്ടായി.

*JY 14 /2019* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോൺ എല്ലാ മാസവും നടത്തി വരുന്ന നൈറ്റ് വിജിൽ ജൂൺ മാസം 14-ന് കോഴിപ്പിള്ളി MSJ ജനറലേറ്റ് ഹൗസിൽ വച്ച് നടത്തുകയുണ്ടായി.

ജൂലൈ മാസത്തിലെ നൈറ്റ് വിജിൽ 12-ാം തീയതി മൂവാറ്റുപുഴ, നെസ്റ്റിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും.

*Animator*

## ഓൾ കേരള കാത്തലിക് കോൺഗ്രസ്

*AKCC 14/2019* **2018 -ലെ കാലവർഷക്കെടുതി- നഷ്ടപരിഹാരം ലഭിക്കാത്തവരുടെ യോഗം**

കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ രൂപതയിലെ മലയോര പഞ്ചായത്തുകളായ കരിമണ്ണൂർ, ഉടുമ്പന്നൂർ, കോടിക്കുളം, വണ്ണപ്പുറം എന്നീ പഞ്ചായത്തുകളിൽ





നിന്നുള്ള 2018-ലെ കാലവർഷക്കെടുതിയിൽ നഷ്ടപരിഹാരം ലഭിക്കാത്തവരുടെ സമ്മേളനങ്ങൾ നടത്തപ്പെട്ടു.

ഇടുക്കി ജില്ലാ ലീഗൽ അതോറിറ്റി സെക്രട്ടറി (സബ്ജഡ്ജ്) ദിനേശ് എം. പിള്ള യോഗത്തിൽ പങ്കെടുത്തവരുടെ പരാതികൾ സ്വീകരിക്കുകയും വേണ്ട നിയമോപദേശങ്ങൾ നൽകുകയും ചെയ്തു. യോഗം പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമായിരുന്നു.

കരിമണ്ണൂർ, ഉടുമ്പന്നൂർ, കോടിക്കുളം പഞ്ചായത്ത് പരിധിയിൽ ഉള്ളവർക്ക് 28-05-2019-ൽ കരിമണ്ണൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലും വണ്ണപ്പുറം പഞ്ചായത്തിൽ പെട്ടവർക്ക് മുള്ളരിങ്ങാട് വച്ച് 30-05-2019-ലുമാണ് യോഗങ്ങൾ നടത്തിയത്.

ഇടുക്കി ജില്ലയിലെ പ്രധാനപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥന്മാരും കരിമണ്ണൂർ, ഉടുമ്പന്നൂർ, കോടിക്കുളം, വണ്ണപ്പുറം പഞ്ചായത്ത് പ്രസിഡന്റുമാരും ജനപ്രതിനിധികളും പങ്കെടുത്ത ഈ യോഗങ്ങൾക്ക് കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപത ട്രഷറർ ജോൺ മുണ്ടൻകാവിലും കരിമണ്ണൂർ ഫൊറോന പ്രസിഡന്റ് ശ്രീ. കെ.എം. മത്തച്ചൻ കളപ്പുരയ്ക്കലും മറ്റ് കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരുമാണ് നേതൃത്വം നൽകിയത്.

*Director*

## അല്മായഫ്രാൻസിസ്കൻ സഭ

*SFO 10/2019* **റീജിയണൽ തിരഞ്ഞെടുപ്പ്**

കോതമംഗലം രൂപതയിലെ മൂന്ന് SFO റീജിയണുകളായ മൂവാറ്റുപുഴ സെന്റ് ഫ്രാൻസീസ് റീജിയൺ, കോതമംഗലം സെന്റ് ക്ലെയർ റീജിയൺ, തൊടുപുഴ സെന്റ് അൽഫോൻസ റീജിയൺ എന്നിവയുടെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പു നടത്തുവാൻ ഇന്ത്യയിലെ ദേശീയ കൗൺസിൽ നിർദ്ദേശിച്ചു. ഇതനുസരിച്ച് കോതമംഗലം രൂപതയിലെ റീജിയണുകളുടെ തിരഞ്ഞെടുപ്പ് ജൂലൈ 14-ാം തീയതി മൂവാറ്റുപുഴ നിർമ്മല സദനിൽ വച്ച് ഉച്ചക്കഴിഞ്ഞ് 2.00 മുതൽ വൈകുന്നേരം 5.00 വരെ നടത്തുവാൻ തീരുമാനിച്ചു. ഇലക്ഷൻ നടത്തുന്നതിനായി SFO National minister - Bro. Oliver Fernando, SFO Syro Malabar area Council President Bro. Franko John എന്നിവർ വരണാധികാരികളായി നേതൃത്വം നൽകും.

പുതുതായി രൂപീകരിച്ച ഭ്രാതൃത്വങ്ങളിലെ പ്രതിമാസ യോഗ പരിപാടികളും പ്രാർത്ഥനകളും രൂപതാഭാരവാഹികളും രൂപത ഡയറക്ടർ റവ. ഫാ. സേവ്യർ കരുവേലിക്കോണം OFM Cap. ഉം ചേർന്ന് ക്രമീകരിച്ചു നൽകി. പ്രസ്തുത യൂണിറ്റ് അംഗങ്ങളുടെ ഫോർമേഷനു വേണ്ടിയുള്ള പദ്ധതികൾ രൂപതാതലത്തിൽ ആവിഷ്കരിച്ചു. ഇതിന്റെ ഭാഗമായി സെമിനാറുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

## പ്രാർത്ഥനാഗ്രൂപ്പ്

*PG 18/2019* **ജീവവാരം സോണൽ തല ഉദ്ഘാടനം**

കത്തോലിക്ക കരിസ്മാറ്റിക് മുന്നേറ്റത്തിന്റെ മുഖപത്രമായ ജീവജ്വാലയുടെ പ്രചാരണം വർദ്ധിപ്പിക്കുന്നതിനായി ഒരാഴ്ച നീണ്ടുനിൽക്കുന്ന ജീവവാര ആചരണത്തിന്റെ കോതമംഗലം സോണൽ തലത്തിലുള്ള ഉദ്ഘാടനം നടത്തി. കാരക്കുന്നം സെന്റ് മേരീസ് പള്ളിയിൽ വച്ച് ജൂൺ 7-ന് നടന്ന പെന്തക്കുസ്താ ദിനാചരണത്തിൽ വച്ച് K.C.C.R.S.T. ചെയർമാൻ റവ. ഫാ. ജോസഫ് താമരവെളി, കോതമംഗലം സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, കോ-ഓർഡിനേറ്റർ ശ്രീ. രാജേഷ് പിട്ടാപ്പിള്ളിൽ എന്നിവർ ചേർന്ന് നിർവഹിച്ചു.

*PG 19/2019* **ഫോർമേഷൻ പ്രോഗ്രാം**

കോതമംഗലം സോണിന്റെ നേതൃത്വത്തിൽ 8 സബ് സോണുകളിലെയും പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾക്കായുള്ള ഏകദിന ഫോർമേഷൻ പ്രോഗ്രാം നടന്നു വരുന്നു.

ക്രിസ്തീയ നേതൃത്വത്തെക്കുറിച്ചും ശിഷ്യത്വത്തെക്കുറിച്ചും കാരിസം ഉപയോഗിച്ച് പ്രാർത്ഥനാ ശുശ്രൂഷകൾ നയിക്കുന്നതിനെക്കുറിച്ചുമായിരിക്കും ഫോർമേഷൻ നൽകുക. ജൂൺ 21-ന് തൊടുപുഴ, മാറിക സബ് സോണുകൾക്കായി തൊടുപുഴ വച്ചും 28-ാം തീയതി പൈങ്ങോട്ടൂർ വച്ചും 29-ാം തീയതി മൂവാറ്റുപുഴ വച്ചും നടന്നു. ജൂലൈ 6-ന് കോതമംഗലം, ഊന്നുകൽ സബ് സോണുകൾക്കുവേണ്ടി കോതമംഗലത്ത് വച്ചും ജൂലൈ 13-ന് വാഴക്കുളത്തുവച്ചും നടക്കും. വാഴക്കുളത്ത് വച്ച് നടക്കുന്ന ഫോർമേഷൻ K.C.C.R.S.T. വൈസ് ചെയർമാൻ സെബാസ്റ്റ്യൻ താന്നിക്കൽ കാഞ്ഞിരപ്പിള്ളിയും, മറ്റ് സബ് സോണുക





ളിൽ നടന്നു വരുന്ന പ്രോഗ്രാം K.S.T. മുൻ സെക്രട്ടറി കെ.കെ. ജോസഫ് എറണാകുളവുമാണ് നയിക്കുന്നത്.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 7/2019* **സി.സി. വാർഷികം**

കോതമംഗലം സെൻട്രൽ കൗൺസിലിന്റെ 61-ാമത് വാർഷികം മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് അഡ്വ. ബാബു കുമ്പളാങ്കൽ അദ്ധ്യക്ഷൻ ആയിരുന്നു. വെരി. റവ. മോൺ. ഫ്രാൻസീസ് കീരംപാറ, നാഷണൽ കൗൺസിൽ പ്രസിഡന്റ് ഡോ. ജോൺസൺ വർഗീസ്, റവ. ഡോ. സ്റ്റാൻലി കുന്നേൽ, ബ്ര. ഫ്രാൻസീസ് കരിമ്പടക്കുഴി തുടങ്ങിയവർ സംബന്ധിച്ചു. സെൻട്രൽ കൗൺസിലിലെ ഏറ്റവും നല്ല കോൺഫ്രൻസുകളായി തിരഞ്ഞെടുക്കപ്പെട്ടവർക്ക് അഭിവന്ദ്യ പിതാവ് ട്രോഫികൾ വിതരണം ചെയ്തു. മികച്ച പ്രവർത്തനം കാഴ്ചവച്ച 12 കോൺഫ്രൻസുകൾക്ക് സർട്ടിഫിക്കറ്റുകൾ നൽകി. ഇന്റർനാഷണൽ വൈസ് പ്രസിഡന്റ് ആയി നിയമിതനായ ഡോ. ജോൺസൺ വർഗീസിനെ അഭിവന്ദ്യ പിതാവ് ആദരിച്ചു. അംഗങ്ങളായവരുടെ കുട്ടികളിൽ 10, +2 ക്ലാസ്സുകളിൽ ഫുൾ A+ വാങ്ങിയവരെ ചടങ്ങിൽ ആദരിച്ചു. സെക്രട്ടറി ബേബി ജോസഫ് തെക്കേച്ചെരുവിൽ റിപ്പോർട്ടും, ജെയിംസ് മുണ്ടത്താനത്ത് കണക്കും, കുരിയാച്ചൻ വാളോത്തിൽ വിദേശ കണക്കുകളും അവതരിപ്പിച്ചു. ജോസ് ചീരാംകുന്നേൽ സ്വാഗതവും ജോജി സ്കറിയ മുക്കാലിവീട്ടിൽ നന്ദിയും പറഞ്ഞു.

## കേരള ലേബർ മൂവ്മെന്റ്

*KLM 17/2019* **ആരോഗ്യസുരക്ഷയ്ക്ക്.... പരസ്പരസഹായ സാമൂഹ്യസുരക്ഷ പദ്ധതി (P.S.S.S.P.)**

അംഗമായിചേരുന്ന വ്യക്തിയുടെ അപകട മരണം മൂലമോ അവരുടെയോ കുടുംബാംഗങ്ങളുടെയോ രോഗങ്ങൾ മൂലമോ ദുരിതമനുഭവിക്കേണ്ടിവരുന്ന സാഹചര്യത്തിൽ പരസ്പരാശ്രയത്തിലൂടെ

ചെറിയൊരു കൈതാങ്ങ് ആകുവാനും കുടുംബാംഗങ്ങൾക്ക് സുരക്ഷ ഒരുക്കുവാനും കെ.എൽ.എം. നടപ്പാക്കുന്ന പദ്ധതിയാണിത്.

18 വയസ്സ് മുതൽ 65 വയസ്സ് വരെ പ്രായമുള്ളവർക്ക് പദ്ധതിയിൽ അംഗത്വം എടുക്കാവുന്നതാണ്. അംഗത്വം എടുത്ത വ്യക്തി, ജീവിതപങ്കാളി, 21 വയസിന് താഴെയുള്ള അവിവാഹിതരായ ആൺമക്കൾ, 25 വയസിന് താഴെയുള്ള അവിവാഹിതരായ പെൺമക്കൾ എന്നിവർ ഉൾപ്പെടുന്ന കുടുംബത്തിന് പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. പദ്ധതിയിലെ വാർഷിക അംഗത്വ ഫീസ് 1500 രൂപ. വാർഷിക അംഗത്വ ഫീസ് ഓരോ വർഷവും പുനർനിർണ്ണയിക്കുന്നതായിരിക്കും.

അംഗമായി ചേരുന്ന വ്യക്തിയോടൊപ്പം കുടുംബത്തിലെ അവിവാഹിതരായ 21 വയസ്സ് കഴിഞ്ഞ ആൺമക്കളോ 25 വയസ്സ് കഴിഞ്ഞ പെൺമക്കളോ അംഗത്വം സ്വീകരിക്കുന്നതിന് ഓരോരോ മക്കൾക്കും 800 രൂപ മതിയാകും. അംഗത്വഫീസ് നൽകി ഒരു മാസം തികയുന്ന മുറക്ക് അംഗത്വം പ്രാബല്യത്തിൽ വരുന്നു.

ആനുകൂല്യങ്ങൾ:-അംഗമായിചേരുന്ന വ്യക്തിക്ക് അപകടമരണം സംഭവിച്ചാൽ ആശ്രിതർക്ക് 2 ലക്ഷം രൂപ സഹായം ലഭിക്കുന്നു. കൂടാതെ, 48 മണിക്കൂർ കിടത്തി ചികിത്സയ്ക്കു വിധേയരാകുന്ന ഒരു കുടുംബത്തിലെ മൊത്തം ഗുണഭോക്താക്കൾക്കുംകൂടി ഒരു വർഷത്തേക്ക് ചികിത്സാസഹായം 30,000 രൂപ. ഒരു തവണ 15000 രൂപ എന്നിവയും ലഭിക്കും.

*KLM 18/2019* **സർക്കാർ ക്ഷേമനിധികളിൽ അംഗത്വം ചേർക്കൽ**

കേരളലേബർമൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ വിവിധ തൊഴിലാളി ക്ഷേമനിധികളിൽ അംഗമായി ചേരാൻ അവസരമൊരുക്കിയിരിക്കുന്നു. ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തയ്യൽ തൊഴിലാളിക്ഷേമനിധി, അസംഘടിതതൊഴിലാളി സാമൂഹ്യ സുരക്ഷാക്ഷേമനിധി എന്നിവയിൽ അംഗങ്ങളെ ചേർക്കുന്നതിനുള്ള തീവ്രപ്രവർത്തനങ്ങൾ നടന്നുവരുന്നു.

*KLM 19/2019* **തയ്യൽ തൊഴിലാളിക്ഷേമനിധി**

18 വയസ്സുമുതൽ 57 വയസ്സുവരെ പ്രായമുള്ള തയ്യൽജോലിയോ, എംബ്രോയ്ഡറി ജോലിയോ ചെയ്യുന്നവർക്കും സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ഇതിൽ അംഗത്വം എടുക്കാം.

ആനുകൂല്യങ്ങൾ:-പ്രതിമാസ വിഹിതം 60-ാം വയസ്സിൽ പലിശസഹിതം തിരികെ ലഭിക്കുന്നു. കൂടാതെ, പെൻഷൻ, അവശതാപെൻഷൻ, കുടുംബപെൻഷൻ, വിവാഹസഹായം, പ്രസവധന





സഹായം, മരണാനന്തരസഹായം, വിദ്യാഭ്യാസസഹായം എന്നിവയും ലഭിക്കുന്നു.

*KLM 20/2019* **അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ക്ഷേമനിധി**

മറ്റൊരു തൊഴിലാളി ക്ഷേമനിധിയിലും അംഗമാകാത്ത, ഏതുതൊഴിൽ ചെയ്യുന്നവർക്കും ഇതിൽ അംഗമാകാം. പ്രായം 18-നും 58-നും മദ്ധ്യേ.

ആനുകൂല്യങ്ങൾ:-60 വയസ്സ് പൂർത്തിയാകുമ്പോൾ അംശാദായമായി അടച്ച മുഴുവൻ തുകയും പലിശ ഉൾപ്പെടെ തിരിച്ചുകിട്ടുന്നതോടൊപ്പം പ്രതിമാസം പെൻഷനും ലഭിക്കുന്നു. പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, വിവാഹധനസഹായം, ചികിത്സാസഹായം, മരണാനന്തരസഹായം എന്നിവയ്ക്കും അർഹതയുണ്ടായിരിക്കും. ചേരാനാഗ്രഹിക്കുന്നവർ നെസ്റ്റ് പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 9188771180

*KLM 21/2019* **നേതൃസംഗമം**

കേരള ലേബർ മൂവ്മെന്റ് കോതമംഗലം രൂപത നേതൃസംഗമം ജൂലൈ 13 ശനിയാഴ്ച 10 മുതൽ 3 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേരും. കെ.എൽ.എം രൂപത സോണൽ ഭാരവാഹികൾ, തൊഴിലാളി ഫോറങ്ങളുടെ രൂപത ഭാരവാഹികൾ എന്നിവർ പങ്കെടുക്കണം.

*KLM 22 2019* **പാലിയേറ്റീവ് സെമിനാർ**

രൂപത കെ.എൽ.എം-ന്റെ ആഭിമുഖ്യത്തിൽ പാലിയേറ്റീവ് ഹോം കെയർ സർവ്വീസിനുള്ള സന്നദ്ധപ്രവർത്തകരുടെ ഏകദിന പരിശീലന ക്യാമ്പ് ജൂൺ 22 ശനിയാഴ്ച നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേർന്നു. കെ.എൽ.എം. രൂപത പ്രസിഡന്റ് അഡ്വ. തോമസ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം രൂപത ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് ഉദ്ഘാടനം ചെയ്തു. സംസ്ഥാന പാലിയേറ്റീവ് വിഭാഗം തലവൻ ഡോ. മാത്യൂസ് നമ്പേലിൽ, ഇടുക്കി ജില്ലാ പാലിയേറ്റീവ് കോ-ഓർഡിനേറ്റർ സിജോ വിജയൻ എന്നിവർ ക്ലാസ്സ് നയിച്ചു. രൂപത പാലിയേറ്റീവ് കോ-ഓർഡിനേറ്റർ ഷീബ മാത്യൂസ്, സി. ഷീൻ മരിയ CHF എന്നിവർ നേതൃത്വം നൽകി.

*Director*

## നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | | |
|---|---|---|---|
| July | 01 - 03 | - | Pre-Marriage Course |
| | 07 - 12 | - | Retreat for Priests' |
| | 13 | - | KCYM Council |
| | 15 - 17 | - | Pre-Marriage Course |
| | 16 | - | Mathruvedhi - "Unarvu" |
| | 19 | - | Mathruvedhi Quiz |
| | 21 - 26 | - | Retreat for Priests' |
| | 28 | - | KCYM Quiz |

*Director*

## വാർത്തയും വിശേഷങ്ങളും

### ദൈവശാസ്ത്ര കോഴ്സ്

മൂവാറ്റുപുഴ NESTT -ൽ 5-ാമത്തെ ദൈവശാസ്ത്ര കോഴ്സ് ആരംഭിക്കുകയാണ്. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ആഗസ്റ്റ് 10-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ഇതിന്റെ ഉദ്ഘാടനം നിർവഹിക്കും. തുടർന്ന് എല്ലാ ശനിയാഴ്ചകളിലും 2.00 pm മുതൽ 5.00 pm വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ആലുവയിലെ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ടതാണ് ഇപ്പോൾ NESTT -ൽ നടക്കുന്ന ദൈവശാസ്ത്ര കോഴ്സ്. പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് മലയാളത്തിൽ പ്രസിദ്ധീകരിച്ച പ്രശസ്തരും പരിചയസമ്പന്നരുമായ സെമിനാരി പ്രൊഫസേഴ്സിന്റെ ടെക്സ്റ്റ് ബുക്കുകൾ ഈ പഠന പരിപാടിക്ക് ഉപയോഗിക്കുന്നു. കോഴ്സ് പൂർത്തിയാക്കുമ്പോൾ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിപ്ലോമയും നൽകുന്നതാണ്.

നമ്മുടെ സഭയിലെ അല്മായരെ ലക്ഷ്യം വച്ചുള്ളതാണ് ഈ ദൈവശാസ്ത്രകോഴ്സ്. മതാദ്ധ്യാപകർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സംഘടനാനേതൃത്വത്തിലുള്ളവർ, സ്കൂൾ - കോളേജ് അദ്ധ്യാപകർ എന്നിവർക്കെല്ലാം ക്രിസ്തീയ ജീവിതദർശനം ലഭിക്കാൻ ഇത് സഹായിക്കും. കോഴ്സിനു ചേരാനുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് NESTT -ലേക്ക് ജൂലൈ 31-ന് മുമ്പ് അയച്ചാൽ ഉപകാരമായിരിക്കും. ക്ലാസ്സിൽ സംബന്ധിക്കുന്ന എല്ലാവരും ആഗസ്റ്റ് 10-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ കൃത്യസമയത്ത് എത്തിച്ചേരേണ്ടതാണ്. ഈ കോഴ്സിന് ഏവരുടെയും, പ്രത്യേകിച്ച് ബഹു. വികാരിയച്ചന്മാരുടെയും സഹായസഹകരണങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു.





വിശദവിവരങ്ങൾക്ക്:

| | | |
|---|---|---|
| NESTT | - | 0485-2833303 |
| ഫാ. ജോർജ് കാരക്കുന്നേൽ | - | 9400088729 |
| ഫാ. സിറിയക് ഞാളൂർ | - | 9447522516 |

## തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Thanikunnel Alex | **July** | 9 |
| " | Kachiramattom Kuriakose | " | 15 |
| " | Kodakallil Kuriakose | " | 15 |
| " | Njaloor Cyriac | " | 15 |
| " | Aikkaramattam James | " | 25 |
| " | Arackal James | " | 25 |
| " | Choorathottiyil James | " | 25 |
| " | Ezhanikatt James | " | 25 |
| " | Kakkuzhi James | " | 25 |
| " | Kalapurackal Jacob | " | 25 |
| " | Kalapurayil James | " | 25 |
| " | Karakompil James | " | 25 |
| " | Kurianal James | " | 25 |
| " | Mannathukaran Jacob | " | 25 |
| " | Mundolickal James | " | 25 |
| ". | Panachickal James | " | 25 |
| " | Puthiyedath Jacob | " | 25 |
| " | Rathappillil Jacob | " | 25 |
| " | Thalappillil Jacob | " | 25 |
| " | Thayyil James | " | 25 |
| " | Vadakekudy James | " | 25 |
| " | Vadakel James | " | 25 |
| " | Vadakumparambil Jacob | " | 25 |
| " | Vararappally James | " | 25 |
| " | Vattappallil Jacob | " | 25 |

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**മെയ് 2019**

22 • കാക്കനാട്, മൗണ്ട് സെന്റ് തോമസിൽ നടന്ന ലിറ്റർജിക്കൽ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

24 • ബിഷപ്സ് ഹൗസിൽ കൂടിയ സംഘടന ഡയറക്ടർമാരുടെയും ലീഡേഴ്സിന്റെയും സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

25 ● മൂവാറ്റുപുഴ, നിർമ്മല കോളേജിൽ നടന്ന HOD -മാരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

26 ● മൂവാറ്റുപുഴ, നിർമ്മല പബ്ലിക് സ്കൂളിൽ നടന്ന സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരുടെയും സ്റ്റാഫ് സെക്രട്ടറിമാരുടെയും സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

● മൂവാറ്റുപുഴ, NESTT -ൽ നടന്ന വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സെൻട്രൽ കൗൺസിൽ വാർഷിക യോഗത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

● മൂവാറ്റുപുഴ, NESTT -ൽ നടന്ന മിഷൻലീഗ്, കെ.സി.എസ്.എൽ. സംയുക്ത സമ്മേളനത്തിൽ പങ്കെടുത്തു.

27 ● നെടിയശാല ഇടവക പുലികുന്നേൽ സജിറ്റ്- ജിനോ ദമ്പതികളുടെ നാലാമത്തെ കുഞ്ഞിന് പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

29 ● മൂവാറ്റുപുഴ നിർമ്മല കോളേജിൽ പുതുതായി നിർമ്മിച്ച Administrative Block -ന്റെ ആശീർവാദ കർമ്മം നടത്തി.

30 ● പൈങ്ങോട്ടൂർ ഇടവക പുതിയേടത്ത് ബോബിച്ചൻ- സെറിമോൾ ദമ്പതികളുടെ നാലാമത്തെ കുഞ്ഞിന് പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

31 ● കോതമംഗലം ശോഭന സ്കൂളിനോട് ചേർന്ന് പുനർനിർമ്മിച്ച കപ്പേളയുടെ കൂദാശാകർമ്മം നടത്തി.

**ജൂൺ 2019**

02 ● നെടുങ്ങപ്ര ഇടവകയിൽ പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം വെഞ്ചരിക്കുകയും വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

● കോതമംഗലം സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ പുതുതായി ചേർന്ന വൈദികാർത്ഥികളെ സ്വീകരിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

04-05● POC യിൽ നടന്ന KCBC സമ്മേളനത്തിൽ പങ്കെടുത്തു.

06 ● മംഗലപ്പുഴ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

07 ● പന്തക്കുസ്താ തിരുനാളിന് ഒരുക്കമായി കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുക്കുകയും ചെയ്തു.





08 ● പന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും കുട്ടികൾക്കായി പ്രത്യേക അഭിഷേക പ്രാർത്ഥന നടത്തുകയും ചെയ്തു.

10 ● ഊന്നുകൽ ഇടവക ചേപ്പലിൽ ജോസ്-ഏലീശ്വാ ദമ്പതികളുടെ നാലാമത്തെ കുഞ്ഞിന് പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

11 ● മൂവാറ്റുപുഴ, NESTT -ൽ കൂടിയ രൂപത വൈദിക സമ്മേളനത്തിൽ പങ്കെടുത്തു.

12 ● മൂവാറ്റുപുഴ മലങ്കര കത്തീഡ്രലിൽ നടന്ന യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിച്ചു.

● കെ.സി.വൈ.എം. നയിക്കുന്ന സമാധാനയാത്രയ്ക്ക് മൂവാറ്റുപുഴ ഫോളിമാഗി പള്ളിയിൽ നൽകിയ സ്വീകരണത്തിൽ സംബന്ധിച്ച് ആശംസകൾ നേർന്നു.

13 ● കോലടി ഇടവക പാണനാൽ പ്രിൻസ്-സബിത ദമ്പതികളുടെ നാലാമത്തെ കുഞ്ഞിന് പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

14 ● രൂപതാ പ്രാർത്ഥനാദിനത്തോടനുബന്ധിച്ച് പൈങ്ങോട്ടൂർ ഫൊറോനപള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

15 ● കുളപ്പുറം ഇടവക തെക്കേക്കുന്നേൽ ജോബി-സിനി ദമ്പതിമാരുടെ നാലാമത്തെ കുഞ്ഞിന്റെ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

● മൂവാറ്റുപുഴ, NESTT -ൽ നടന്ന കെ.സി.എസ്.എൽ രൂപത കൗൺസിലിൽ അദ്ധ്യക്ഷം വഹിച്ച് സന്ദേശം നൽകി.

● മൂവാറ്റുപുഴ, NESTT -ൽ നടന്ന മാതൃവേദി ആനിമേറ്റർമാരുടെ സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

● മൂവാറ്റുപുഴ, NESTT -ൽ അല്മായർക്കുള്ള ദൈവശാസ്ത്രകോഴ്സിന്റെ ബിരുദദാനചടങ്ങിൽ പങ്കെടുത്തു.

16 ● ചീനിക്കുഴി ഇടവകാംഗമായ വലിയപറമ്പിൽ ജായസ്സിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

17 ● മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ പുതിയ അധ്യയനവർഷ

ത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

18 ● SABS സന്യാസിനി സമൂഹാംഗമായ സി. ബോസ്കോയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മാറിക മഠം കപ്പേളയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

19 ● കാവക്കാട് ഇടവകാംഗമായ കൊടക്കല്ലിൽ തോമസിന്റെ മൃത സംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

20 ● വഴിത്തല സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കന്ററി സ്കൂളിൽ നടന്ന Merit Day യിൽ സംബന്ധിച്ച് സന്ദേശം നൽകി.

## BISHOP'S *Engagements*

### July 2019

| | | | | |
|---|---|---|---|---|
| 03 | Wed | Holy Qurbana | Cathedral | 07.30 am |
| | | Meeting | Mount St. Thomas Kakkanad | |
| 04 | Thu | A.K.C.C. Meeting | Vazhakulam | 2.30 pm |
| 06 | Sat | Baptism | Urulanthanni | 9.00 am |
| 07-12 | | Priests' Annual Retreat | NESTT | |
| 13 | | Death Anniversary (Fr. Emmanuel Kurianal) | Purapuzha | 11.00 am |
| 18 | Thu | Holy Qurbana | Marika | 10.30 am |
| 20 | Sat | Presbytery blessing | Thrikkariyoor | 3.30 pm |
| 21-26 | | Priests' Annual Retreat | NESTT | |
| 27 | Sat | Baptism | Cathedral | 3.30 pm |
| 29-30 | | Meeting | Mangalapuzha Seminary | |
| 31 | Wed | Baptism | Paingottoor | 11.00 am |



## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോസഫ് പ്ലാത്തോട്ടം | ചരമദിനം | 01-08-1970 |
| ഫാ. ജോസഫ് എടപ്പാട്ടുകാവുങ്കൽ | " | 06-08-2003 |
| ഫാ. വർഗീസ് നമ്പ്യാപറമ്പിൽ | " | 07-08-1994 |
| ഫാ. ജോസഫ് കോയിക്കക്കുടി (Sr.) | " | 07-08-2002 |
| ഫാ. ജോർജ്ജ് എടാട്ടേൽ | " | 16-08-2010 |
| ഫാ. ജേക്കബ് തേവർപാടം | " | 18-08-2008 |
| ഫാ. മാത്യു മാതേയ്ക്കൽ | " | 25-08-1984 |
| ഫാ. ജോസ് കോടമുള്ളിൽ | " | 28-08-2015 |
| ഫാ. സഖറിയാസ് പിട്ടാപ്പിള്ളിൽ | " | 31-08-2000 |

## നിര്യാതരായി

### സി. ആവില SH (പുറപ്പന്താനം)

| | | |
|---|---|---|
| ഇടവക | - | തീക്കോയി |
| ജനനം | - | 25-12-1928 |
| ആദ്യവ്രതം | - | 02-05-1964 |
| നിത്യവ്രതം | - | 30-05-1969 |
| മരണം | - | 15-05-2019 |
| മൃതസംസ്കാരം | - | 16-05-2019 (മൈലക്കൊമ്പ്) |

### സി. ലിയോ SH (ചാത്തംകോട്ട്)

| | | |
|---|---|---|
| ഇടവക | - | അരിക്കുഴ |
| ജനനം | - | 25-12-1925 |
| ആദ്യവ്രതം | - | 10-05-1949 |
| നിത്യവ്രതം | - | 05-05-1954 |
| മരണം | - | 21-06-2019 |
| മൃതസംസ്കാരം | - | 23-06-2019 (മൈലക്കൊമ്പ്) |